2017 ഡിസംബർ 10
വാല്യം 10
ലക്കം 23

# ബിലീവേഴ്സ് ജേണൽ

BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

## കുമ്പനാട് കൺവൻഷൻ 2018 ജനുവരി 14 – 21 വരെ


പാസ്റ്റർ ജേക്കബ് ജോൺ
ജനറൽ പ്രസിഡന്റ്


പാസ്റ്റർ കെ. സി. ജോൺ
ജനറൽ സെക്രട്ടറി


ബ്രദർ സജി പോൾ
ജനറൽ ട്രഷറാർ

**കുമ്പനാട്:** 94-ാമത് കുമ്പനാട് കൺവൻഷൻ 2018 ജനുവരി 14 മുതൽ 21 വരെ നടക്കും. 1925 ൽ റാന്നിയിൽ ആരംഭിച്ച കൺവൻഷൻ പിന്നീട് കുമ്പനാട് ഹെബ്രോൻ പുരത്തേക്ക് മാറുകയായിരുന്നു. കുമ്പനാട് കൺവൻഷൻ എന്ന പേരിൽ ഇത് ചരിത്രത്തിന്റെ ഭാഗമായി. ഭാരതത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് പ്രസ്ഥാനമായ ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ (ഐ.പി.സി.) അന്തർദേശീയ കൺവൻഷൻ എന്നതിലുപരി വിവിധ പെന്തക്കോസ്ത് സഭാ വിഭാഗങ്ങളിലുള്ള വിശ്വാസികളുടെയും ദൈവവചന സ്നേഹികളായ മലങ്കരയിലെ ക്രിസ്തീയ വിശ്വാസികളുടെയും സംഗമമായ കുമ്പനാട് കൺവൻഷൻ 2018 ജനുവരി14-ന് ഞായറാഴ്ച്ച വൈകിട്ട് 6-ന് ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പരിശുദ്ധാത്മാവിന്റെയും ശക്തിയുടെയും അഭിഷേകം എന്നതാണ് ചിന്താവിഷയത്തെ അടിസ്ഥാനമാക്കി അഭിഷിക്തന്മാരായ ദൈവദാസന്മാർ വചനം ഘോഷിക്കുന്നു. ദിവസവും രാവിലെ 5-ന് മദ്ധ്യസ്ഥപ്രാർത്ഥനയും വൈകിട്ട് 6-ന് സുവിശേഷ യോഗവും നടക്കും. 16 ചൊവ്വ രാവിലെ 10-ന് ഹെബ്രോൻ ബൈബിൾ കോളജ് പി.ജി. ഗ്രാഡുവേഷൻ, 18 വ്യാഴം ഉച്ചയ്ക്ക് 2-ന് സോദരി സമാജം വാർഷിക സമ്മേളനം, 19 വെള്ളി ഉച്ചയ്ക്ക് 2-ന് മിഷനറി മീറ്റിംഗ്, 20 ശനി രാവിലെ 8-ന് സ്നാനശുശ്രൂഷ, ഉച്ചയ്ക്ക് 2-ന് പി.വൈ.പി.എ., സണ്ടേസ്കൂൾ വാർഷിക സമ്മേളനം

03

## പ്രസംഗവേദിയിലെ സ്ത്രീസാന്നിധ്യം... സിസ്റ്റർ മേരി കോവൂർ നിത്യതയിൽ



പെന്തെക്കോസ്ത് കൺവൻഷൻ വേദികളിലെ മുൻനിര സാന്നിധ്യമായിരുന്ന സിസ്റ്റർ മേരി കോവൂർ നിത്യതയിൽ. ഡിസംബർ 2ന് രാവിലെ തിരുവല്ല ബിലീവേഴ്സ് ഹോസ്പിറ്റലിൽ ആയിരുന്നു അന്ത്യം. തിരുവല്ല കോവൂർ പരേതനായ പാസ്റ്റർ കുരുവിള കോവൂരിന്റെ (വാവച്ചൻ) ഭാര്യയായിരുന്നു. മകൻ ഡോ. ജോർജ്ജ് കോവൂർ പ്രസിദ്ധ സുവിശേഷ പ്രസംഗകനും ന്യൂറോ സർജനുമാണ്. മകൾ സാറാ കുടുംബവുമായി അമേരിക്കയിൽ. മാവേലിക്കര വെട്ടിയാർ റ്റി. റ്റി. മത്തായിയുടെ മകളായി 1932ൽ ജനനം. ദീർഘനാളായി വിശ്രമത്തിലായിരുന്നു. സംസ്കാരം നടത്തി.

## പി.വൈ.പി.എ സംസ്ഥാന ക്യാമ്പ് 2017

**കുമ്പനാട്:** ഐ.പി.സി.യുടെ യുവജന സംഘടനയായ പി.വൈ.പി.എ സംസ്ഥാന ക്യാമ്പ് ഡിസംബർ 25 -28 വരെ. മൂന്നാർ കർമ്മേൽ ഗിരി സി.എം.ഐ. സ്കൂളിൽ നടക്കും. ബ്രദർ സുധി ഏബ്രഹാം അദ്ധ്യക്ഷത വഹിക്കുകയും പാസ്റ്റർ കെ. സി. തോമസ് ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയും ചെയ്യുന്നു. റവ. ഫ്രെഡി വി. തോമസ്, ഡോ. തോമസ് ഇടിക്കുള, ഡോ. ഫിലിപ്പ് ചെറിയാൻ, പാസ്റ്റർ പ്രിൻസ് തോമസ് എന്നിവരെക്കൂടാതെ ഐ.പി.സിയിലെ മറ്റ് ദൈവദാസന്മാരും ദൈവവചനം ശുശ്രൂഷിക്കുന്നു. ബ്ലസ്സൻ മേമന, സിസ്റ്റർ പെർസിസ് ജോൺ എന്നിവർ ഗാനശുശ്രൂഷ നിർവ്വഹിക്കും. പി.വൈ.പി. എ. സംസ്ഥാന ഭാരവാഹികൾ നേതൃത്വം നൽകുന്നു.

സംസ്ഥാന ക്യാമ്പിലേക്കുള്ള ഓൺലൈൻ റജിസ്ട്രേഷൻ ആരംഭിച്ചു.ആദ്യം രജിസ്റ്റർ ചെയ്യുന്ന 1000 പേർക്ക് സംസ്ഥാന പി. വൈ. പി. എ. വക ജാക്കറ്റ് സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്.

## വൈ. പി. ഇ. സംസ്ഥാന ക്യാമ്പ് 2017

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ യുവജന സംഘടനയായ വൈ.പി.ഇ ജനറൽ ക്യാമ്പ് 2017 ഡിസംബർ 25,26, 27 തീയതികളിൽ ചെങ്ങന്നൂർ പുത്തൻകാവ് SBS ക്യാമ്പ് സെന്ററിൽ നടത്തപ്പെടും 'സ്ഥിരതയോടെ ഓടുക' എന്നതാണ് ചിന്താവിഷയം.

03

## പി.സി.എൻ.എ.കെ. 2018 സാജുമാത്യു മുഖ്യപ്രസംഗകൻ

### പ്രമോഷണൽ മീറ്റിംഗുകൾക്ക് ഉജ്ജ്വല തുടക്കം






**ന്യൂയോർക്ക്:** ബോസ്റ്റൺ 2018 പി.സി.എൻ.എ.കെ. സമ്മേളനത്തിൽ സുപ്രിദ്ധ എഴുത്തുകാരനും കൺവൻഷൻ പ്രസംഗകനുമായ സാജു മാത്യു മുഖ്യപ്രസംഗകനായിരിക്കും എന്നും അദ്ദേഹത്തിന്റെ യാത്രാക്രമീകരണങ്ങൾ നടക്കുന്നു എന്നും പി.സി.എൻ.എ.കെ. 2018 നാഷണൽ സെക്രട്ടറി വെസ്ലി മാത്യു അറിയിച്ചു. ന്യൂയോർക്കിൽ നടന്ന പ്രമോഷണൽ മീറ്റിംഗിലാണ് ഇത് സംബന്ധിച്ച പ്രഖ്യാപനം നടന്നത്. ന്യൂയോർക്ക് ഫസ്റ്റ് ചർച്ച് ഓഫ് ഗോഡിൽ നടന്ന സമ്മേളനത്തിൽ പാസ്റ്റർ ജോസഫ് വില്ല്യംസ് അദ്ധ്യക്ഷത വഹിച്ചു. പി.സി.എൻ.എ.കെ. 2018 വെബ്സൈറ്റ് പാസ്റ്റർ മോനി മാത്യു പ്രാർത്ഥിച്ച് സമർപ്പിച്ചു. ആദ്യ രജിസ്ട്രേ

06

## സാക്ഷി



ഓഖിക്കു പിന്നാലെ വീണ്ടും ചുഴലിക്കാറ്റ് ഉണ്ടാകും -**വാർത്ത**

പെന്തെക്കോസ്തുകാർക്ക് ഉപവാസവും പ്രാർത്ഥനയും ഉണർവ്വും ഇനി വർദ്ധിക്കും. തീർച്ച.

## വീണ്ടും ജനനം പ്രാപിച്ചവർ വംശനാശ ഭീഷണിയിൽ: സർവ്വേ

പ്രകാശ് പി. കോശി

വീണ്ടും ജനനം പ്രാപിച്ച വിശ്വാസികളുടെ എണ്ണം അമേരിക്കയിൽ ഗണ്യമായി കുറയുന്നു എന്ന് പ്രമുഖ സർവ്വേ കണ്ടെത്തി. മാത്രമല്ല വളരെ കുറച്ചു വിശ്വാസികൾ മാത്രം സുവിശേഷം പങ്ക് വെക്കുന്നതിൽ താത്പര്യം കാണിക്കുന്നു. പ്രമുഖ ഗവേഷകനായ ജോർജ് ബർന അമേരിക്കൻ കൾച്ചർ ആന്റ് ഫെയ്ത്ത് ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി നടത്തിയ പഠനത്തിലാണ് ഈ അപ്രിയ സത്യങ്ങൾ വെളിപ്പെടുത്തിയത്.

"അമേരിക്കയിലെ ക്രൈസ്തവ വിശ്വാസം സാരമായ വെല്ലുവിളിയിലൂടെ കടന്നുപോകുന്നു. കാര്യമായ മാറ്റങ്ങൾ വരുത്തിയില്ലെങ്കിൽ സഭ ഭാവിയിൽ വളരുവാൻ സാധ്യതയില്ല" എന്ന് ജോർജ് ബർന പറഞ്ഞു.

ഏകദേശം 9273 അമേരിക്കൻ പൗരന്മാരെ ഇന്റർവ്യൂ ചെയ്തപ്പോൾ സർവ്വേപ്രകാരം വെറും 31% മാത്രമാണ് രക്ഷിക്കപ്പെട്ടവർ എന്ന് അവകാശപ്പെട്ടത്.

2010 മുതൽ വിശ്വാസികളുടെ എണ്ണം ഇവിടെ കുറഞ്ഞു കൊണ്ടിരിക്കുന്നു. 1991 മുതൽ 2005 വരെ ജനസംഖ്യയുടെ 40% പേർ രക്ഷിക്കപ്പെട്ടവർ എന്നവകാശപ്പെട്ടിരുന്നു. 2006 മുതൽ 2010 വരെയുള്ള കാലയളവിൽ ഇത് 44% ആയി മാറി. എന്നാൽ 2010 മുതൽ വീണ്ടും ജനനം പ്രാപിച്ചവരുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു. 2017 എത്തിയപ്പോഴേക്കും ഇവരുടെ എണ്ണം 31% ആയി മാറി.

ഈ പ്രതിഭാസത്തിന് ഒരു മാറ്റം ഉണ്ടാകാൻ സാധ്യതയില്ല എന്ന് സർവ്വേ പറയുന്നു. കാരണം പ്രായമുള്ളവരാണ് രക്ഷിക്കപ്പെട്ടവരിൽ ഏറെയും. മുപ്പത് വയസിൽ താഴെ ഉള്ള ചെറുപ്പക്കാരിൽ 23% മാത്രമാണ് രക്ഷിക്കപ്പെട്ടവർ. പ്രായമുള്ളവർ കടന്നുപോകുമ്പോൾ വിശ്വാസികളുടെ എണ്ണവും കുറയുന്നു.

"വളരെ ചുരുക്കം ചില സഭകൾ മാത്രമാണ് ഇന്ന് സുവിശേഷീകരണത്തിന് പ്രാധാന്യം കൊടുക്കുന്നത്. അതുകൊണ്ട് തന്നെ ഇതിന്റെ പ്രത്യാഘാതം പ്രകടവും നിരസിക്കാനാകാത്തതുമാണ്" എന്ന് ജോർജ് ബർന പറഞ്ഞു.

സഭ യുവതലമുറയെ അവഗണിക്കുന്ന പ്രവണത ദുരവ്യാപകമായ ഫലങ്ങൾ ഉണ്ടാക്കും" ജോർജ് പറഞ്ഞു. രക്ഷിക്കപ്പെടാൻ സാധ്യതയുള്ള വെള്ളക്കാർ, കറുത്ത വർഗക്കാർ എന്നിവർ അമേരിക്കയിൽ കുറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഇതിന്റെ

03

# ഞാൻ കണ്ട നവാപൂർ മസിഹി മേള



മോൻസി മാമ്മൻ

**കേ**രള പെന്തക്കോസ്തു സമൂഹം ഒരു കൺവൻഷൻ കാലത്തെ കൂടി വരവേൽക്കാനുള്ള ഒരുക്കത്തിലാണ്. തിരുവല്ലയിലെ ശാരോൻ കൺവൻഷനോട് കൂടി തുടങ്ങുന്ന കൺവൻഷൻ സീസൺ പിന്നെ കാലവർഷം എത്തുന്നവരെ തുടരുകയാണല്ലോ പതിവ്. നമ്മുടെ കൺവൻഷനുകൾ പലതും ഇന്ന് അതിന്റെ യഥാർത്ഥ കാരണത്തിൽ നിന്ന് വ്യതിചലിച്ചു തുടങ്ങിയോ എന്ന് ചിന്തിക്കേണ്ട ഒരു സാഹചര്യത്തിലാണ് ഇന്നത്തെ കൺവൻഷനുകൾ എത്തിനിൽക്കുന്നത്. പല മഹായോഗങ്ങളും അവരവരുടെ സംഘടനാ ശക്തി വിളിച്ചോതുന്ന ശക്തിപ്രകടനങ്ങളായി മാറി എന്ന് പറയുന്നതിൽ തെറ്റൊന്നുമില്ല മാത്രമല്ല. പണപ്പെരുപ്പവും രാഷ്ട്രീയ സാമൂഹിക പിടിപാടുകളും പ്രദർശിപ്പിക്കാനുള്ള നെട്ടോട്ടത്തിൽ അതിന്റെ യഥാർത്ഥ മൂല്യങ്ങൾ മറുന്നുവോ എന്ന് സംശയിച്ചു തുടങ്ങേണ്ടിയിരിക്കുന്നു. അങ്ങനെയുള്ള ഈ സാഹചര്യത്തിൽ ഉത്തരേന്ത്യയിൽ കഴിഞ്ഞ 37 വർഷമായി നടന്നു വരുന്ന ഒരു വിശ്വാസി കൂട്ടായ്മ വേറിട്ട് നില്കുന്നത്.

മഹാരാഷ്ട്രയിലെ നവാപൂർ എന്ന ഒരു കൊച്ചു ഗ്രാമത്തിൽ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി നടന്നു വരുന്ന ഒരു കൺവൻഷനെ കുറിച്ചാണ് ഈ കുറിപ്പ്. രാജസ്ഥാനിലെ ഉദയ്പ്പൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഫിലദെൽഫിയ ഫെല്ലോഷിപ്പ് ചർച്ച് ഒഫ് ഇന്ത്യയുടെ ജനറൽ കൺവൻഷൻ ആണ്. നവാപ്പൂർ കൺവൻഷൻ എന്ന പേരിൽ അറിയപ്പെടുന്നത്. മലയാളികൾക്കു കുമ്പനാട് കൺവൻഷൻ എത്രത്തോളം പരിചിതമാണോ അത്രത്തോളം പ്രസിദ്ധമാണ് ഉത്തരേന്ത്യൻ വിശ്വാസ സമൂഹത്തിനു നവാപ്പൂർ കൺവൻഷൻ ഞാൻ എന്റെ വേദശാസ്ത്ര പഠനത്തോട് അനുബന്ധിച്ച് ഉദയ്പ്പൂരിലെ ബൈബിൽ കോളജിൽ ചേർന്ന സമയം മുതൽ ഇതിന്റെ ഭാഗമാകുവാൻ കഴിഞ്ഞിട്ടുണ്ട്. 2007 മുതൽ 2011 വരെ തുടർച്ചയായി ഇതിൽ ഭാഗമാകുവാൻ കഴിഞ്ഞു എന്നുള്ളത് എന്നെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ ഒരു കാര്യമാണ്. ചില വർഷങ്ങൾക്കു ശേഷം ഈ വർഷം ഒരിക്കൽ കൂടി ഇതിൽ പങ്കെടുക്കുവാൻ സാധിച്ചു. വായനക്കാർക്കു ചിലപ്പോൾ എന്താ ഇതിനിത്ര പ്രത്യേകത എന്ന് തോന്നിയേക്കാം. മലയാളി പെന്തക്കോസ്തുകാരായതിൽ അഭിമാനിക്കുന്ന ഒരിക്കലെങ്കിലും ഈ ഒരു കൂടിവരവിന്റെ ഭാഗമാകണമെന്ന അഭിപ്രായക്കാരാനാണു ഞാൻ. എനിക്കവിടെ കാണുവാനും അനുഭവിക്കാനും കഴിഞ്ഞ അനേകം കാര്യങ്ങൾ വർഷങ്ങൾക്കു ശേഷവും എന്നെ നവാപ്പൂരിലേക്കു യാത്ര ചെയ്യുവാൻ പ്രേരിപ്പിച്ചു അതിൽ ചിലതു ഇവിടെ കുറിക്കുന്നു.

നവാപ്പൂർ കൺവൻഷനെ മറ്റുള്ള കൺവൻഷനുകളിൽ നിന്നും വേറിട്ട് നിർത്തുന്ന അല്ലെങ്കിൽ വ്യത്യസ്തമാകുന്ന ഒത്തിരി കാര്യങ്ങൾ ഉണ്ട്. അവയിൽ പ്രധാനപ്പെട്ട ഒരു വസ്തുത അവരുടെ ആരാധനയും അതിന്റെ രീതികളുമാണ്. വെളിപ്പാട് പുസ്തകത്തിൽ യോഹന്നാൻ കണ്ടതുപോലെ പല ഗോത്രങ്ങളിൽ നിന്നും വംശങ്ങളിൽ നിന്നും ജാതികളിൽ നിന്നും അവർ കുഞ്ഞാടിനെ ആരാധിച്ചു എന്ന് പറഞ്ഞിരിക്കുന്നത് പോലെയുള്ള ഒരനുഭവമാണ് എനിക്കനുഭവിച്ചറിയുവാൻ കഴിഞ്ഞത്. ഉത്തരേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും ദിവസങ്ങളോളം യാത്ര ചെയ്തു വിവിധമായ പാശ്ചാത്തലങ്ങളിൽ നിന്ന് വരുന്ന ഒരു വലിയ സമൂഹം യേശുവിനെ പാടി സ്തുതിക്കുന്നത് കാണുന്നതും അതിൽ പങ്കുച്ചേർന്ന് ഒരുമിച്ചു ആരാധിക്കുന്നതും പ്രത്യേക ഒരു അനുഭവം തന്നെയാണ്. ക്രമീകൃതമായ രീതിയിൽ ആരാധന നയിക്കുന്ന ഗായകസംഘം അതിനു നേതൃത്വം നൽകുന്ന ദൈവദാസീദാസന്മാർ എല്ലാവരും ഒരുമിച്ചു കർത്താവിനെ ആത്മാവിൽ പാടി ആരാധിക്കുന്നതും ആരും ഒരു പരിഭവവും കൂടാതെ മണിക്കൂറുകളോളം ആരാധിക്കുന്നതും ഒരു ആത്മീകപ്രചോദനം തന്നെയാണ്. ആരാധനയിൽ രോഗികൾ സൗഖ്യമാകുന്നതും ഭൂതങ്ങൾ അലറിയോടുന്നതും അനേകം പേർ വിടുതലുകൾ പ്രാപിക്കുന്നതും കണ്ടറിയുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. പദവികളുടെ വലിപ്പച്ചെറുപ്പമില്ലാതെ എല്ലാവരും ഒരു പോലെ ദൈവത്തെ ആരാധിക്കുന്നത് കണ്ടപ്പോൾ നമ്മുടെ കൺവൻഷനുകളെ കുറിച്ചു ഒരു നിമിഷം ഓർത്തു പോയി സംസ്കാരത്തിലും വിദ്യാഭ്യാസത്തിലും ഒരുപടി നമ്മൾ മുൻപന്തിയിലായപ്പോൾ പലപ്പോഴും നമ്മുടെ ആരാധനകൾ കേവലം ചടങ്ങുകൾ ആയിത്തീരുന്നുവെന്നു തോന്നാറുണ്ട്. ഞാൻ നവപ്പൂരിൽ അനുഭവിച്ചറിഞ്ഞ കാര്യം നേരെ വിപരീതമായിരുന്നു. എല്ലാവരും ഒരുപോലെ അതിൽ വിദ്യാസമ്പന്നർ ഉണ്ട്. ഉന്നതകുലജാതിയിൽ പെട്ടവരുണ്ട്. അറിവിലും സംസ്കാരത്തിലും പിന്നോക്കം നിൽക്കുന്നവർ ഉണ്ട്. എന്നാൽ എല്ലാവരും ഒരുപോലെ ദൈവത്തെ ആത്മാവിൽ പാടി ആരാധിക്കുന്നത് കാണുവാനും അവരോടൊപ്പം ചേർന്ന് ദൈവത്തെ മഹത്വപ്പെടുത്തുവാനും കഴിഞ്ഞു എന്നുള്ളത് അഭിമാനമായി ഞാൻ കാണുന്നു.



നവാപ്പൂർ കൺവൻഷനിൽ എന്നെ സ്വാധീനിച്ച മറ്റൊരു ഘടകം ആയിരുന്നു അവരുടെ കൺവൻഷൻ വേദിയുടെ ക്രമീകരണം. പേരെഴുതി ഒട്ടിച്ച ഒരു കസേര പോലും അവിടുത്തെ വേദികളിൽ ഞാൻ കണ്ടില്ല. മാത്രമല്ല വേദിയിൽ ആർക്കും വേണ്ടി പ്രത്യേക ഇരിപ്പിട ക്രമീകരണങ്ങൾ ഒന്നും തന്നെയില്ല. ആയിരത്തിലധികം വരുന്ന സഭകളുള്ള ഒരു പ്രസ്ഥാനത്തിന്റെ ജനറൽ കൺവൻഷൻ ആണിത് എന്നുള്ളത് അതിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു. കഴിഞ്ഞ 37 വർഷമായി പിന്തുടരുന്ന അഭിമാനകരമായ ഒരു പാരമ്പര്യം നമ്മുടെ വേദികളിലെ ഇരിപ്പിട ക്രമീകരണങ്ങൾ ഇന്ന് 'പെയ്ഡ്'സീറ്റുകൾ ആയി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇങ്ങനെ ഒരു രീതിയെകുറിച്ചു നമ്മുടെ സഭയുടെ നേതൃത്വത്തിലുള്ളവർ ചിന്തിച്ചു തുടങ്ങിയെങ്കിൽ എത്ര നല്ലതായിരുന്നുവെന്ന് ഞാൻ ഒരു നിമിഷം ഓർത്തുപോയി. സഭയുടെ പ്രസിഡന്റിനും സെക്രട്ടറിക്കും. അത് പോലെ അവരുടെ സഭയിലെ മറ്റു ദൈവദാസന്മാർക്കും വേണ്ടി മെയിൻ വേദിക്കു സമീപമായി ഇരിപ്പിടങ്ങൾ ക്രമീകരിച്ചിരിക്കുന്നു. ആദ്യമാദ്യം വരുന്നവർക്ക് മുൻനിരയിലെ ഇരിപ്പിടങ്ങൾ ഉറപ്പിക്കാം അല്ലെങ്കിൽ അവർക്കു പിൻനിരയിലെ കസേരകളിൽ ഇരുന്നു ദൈവവചനം ശ്രവിക്കാം. കസേരയുടെ പേരിൽ ആരും ഇതുവരെ അവിടെ പരിഭവം പറഞ്ഞതായോ പ്രശ്നം ഉണ്ടാക്കിയതായോ ഒരു പരാതി പോലും സംഘാടകർക്ക് ലഭിച്ചിട്ടില്ലെന്നുള്ളതു വളരെ പ്രശംസനീയമാണ്. എല്ലാവരും തുല്യ പങ്കാളികൾ എന്നുള്ള മനോഭാവത്തോടെ അവർ ഒരുമിച്ച് പ്രവർത്തിക്കുന്നു. സമയബന്ധിതമായി കാര്യങ്ങൾ നടക്കുന്ന കാഴ്ച എടുത്ത് പറയപ്പെടേണ്ട ഒരു വസ്തുത തന്നെയാണ്. നമ്മുടെ കൺവൻഷനുകളിൽ ഇന്ന് പ്രസംഗത്തെക്കാളും കൂടുതൽ അറിയിപ്പുകളാണല്ലോ മുൻപിൽ. സംഭാവനകൾ സ്വീകരിക്കും പണികൾക്കുവേണ്ടി പണം ആവശ്യമാണ്. നന്ദിപറച്ചിലുകൾ അത് പറഞ്ഞവർക്കുവേണ്ടിയുള്ള നന്ദിയറിയിപ്പുകൾ ഇങ്ങനെ നീളുന്നു നമ്മുടെ കൺവൻഷനുകൾ. എന്നാൽ ഒരു പ്രാവശ്യം പോലും ഇങ്ങനെയുള്ള ആവശ്യങ്ങൾ പറഞ്ഞു സമയം കളയുന്നത് നവാപൂർ കൺവൻഷനിൽ ഞാൻ കണ്ടിട്ടില്ല. നമ്മളെക്കാളും സാമ്പത്തീക ആവശ്യങ്ങൾ ഉള്ള ഒരു പ്രസ്ഥാനം ആണിത്. എന്നാൽ ആകെ ഒരുവട്ടം മാത്രമാണ് സ്തോത്രകാഴ്ച എടുക്കുന്നത്. ഉത്തരേന്ത്യയിലെ പ്രവർത്തനങ്ങളുടെ പേര് പറഞ്ഞു നമ്മുടെ കൺവൻഷനുകളിൽ പണം പിരിക്കുന്നത് കാണുമ്പോൾ ഈ പണം ഒക്കെ എത്തേണ്ടിടത്തു എത്തുന്നുണ്ടോ എന്നൊരു സംശയം മാത്രം ഉള്ളത്.

കൺവൻഷന്റെ പ്രസംഗമാണ് അടുത്ത ഒരുപ്രധാന കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കസേരകളെ പോലെ പ്രസംഗവേദികളും 'പെയ്ഡ്' പ്രസംഗങ്ങൽ ആയി മാറിക്കൊണ്ടിരിക്കുവാണല്ലോ. എന്നാൽ ഇവിടെ പതിനായിരക്കണക്കിന് വിശ്വാസികൾ കൂടുന്ന ഈ മഹാസംഗമത്തിൽ ദൈവവചനശുശ്രൂഷയ്ക്ക് വളരെയധികം പ്രാധാന്യം നൽകുന്നു സംഘാടകർ. പ്രാസംഗീകരുടെ തിരതള്ളലുകൾ ഇല്ല ഇവിടെ ഒരു രാത്രയിൽ 2പ്രസംഗങ്ങൾ മാത്രം. പ്രസംഗികന് നല്ല രീതിയിൽ ജനത്തോടു വചനം പങ്കുവെയ്ക്കാനുള്ള അവസരം ലഭ്യമാകുന്ന കാഴ്ച വളരെ സന്തോഷമുള്ളവനാക്കി. കേരളത്തിൽ നിന്നും വിദേശങ്ങളിൽ നിന്നുമുള്ള അനേകം ദൈവദാസന്മാർ ഇവിടെ കടന്നു വന്നു ദൈവവചനം സംസാരിച്ചിട്ടുണ്ട്. വിദേശ പ്രോഗ്രാമുകൾക്ക് മാത്രം സമയം കണ്ടെത്താതെ ഇങ്ങനെയുള്ള വേദികളിലും നമ്മുടെ ദൈവദാസന്മാർ ഉപയോഗിക്കണം എന്നാണ് എന്റെ അഭിപ്രായം. സാമ്പത്തികമായി ചിലപ്പോൾ നന്മകൾ കുറവായിരിക്കാം പക്ഷേ അതിനെക്കാളപ്പുറമായി ആയിരക്കണക്കിന് ദൈവജനം വചനത്തിനു വേണ്ടി വാഞ്ചിക്കുന്ന കാഴ്ച നിങ്ങൾ മറക്കരുത്. വിദേശവസരങ്ങൾ ലഭ്യമാകുമ്പോൾ ഇങ്ങനെയുള്ള വേദികൾ സൗകര്യപൂർവ്വം മറക്കുന്ന കാഴ്ച പതിവാകുകയാണല്ലോ. അത് ഇവിടെ ഇപ്രാവശ്യവും സംഭവിച്ചു എന്നാണ് അറിയുവാൻ ഇടയായതത്.

അതുപോലെ തന്നെ എടുത്തുപറയേണ്ട ഒരുവസ്തുത തന്നെയാണ് ഇവിടുത്തെ ഭക്ഷണക്രമീകരണങ്ങൾ നാം ലക്ഷങ്ങൾ ചിലവഴിച്ചു ആർഭാടമായി നടത്തുവാൻ ശ്രമിക്കുമ്പോൾ ഇവിടെ നവാപൂരിൽ എല്ലാവർക്കും ഒരേ പന്തിയിൽ ഒരുപോലെ ഭക്ഷണം വിളമ്പുന്നു. വിഭവങ്ങളുടെ പ്രളയം ഒന്നും തന്നെയില്ല. ഉത്തരേന്ത്യൻ വിഭവമായ ദാലും(പരിപ്പ്) ചോറും മാത്രം. അതിലും ആർക്കും ഒരു പരിഭവവും ഇല്ല. എല്ലാവരും ഒരുപോലെ ഭക്ഷിച്ചു തിന്നു തൃപ്തരായി മടങ്ങുന്ന കാഴ്ച എത്ര മനോഹരമാണ്. ഇതൊക്കെയാണ് നവാപൂർ മസിഹി മേളയെ നമ്മുടെ കൺവൻഷനുകളിൽ നിന്നും വ്യത്യസ്തമാക്കുന്നതായി എനിക്ക് അനുഭവിച്ചറിയുവാൻ ഇടയായത്. ഇങ്ങനെ എടുത്തുപറയുവാനാണെങ്കിൽ ഒത്തിരി കാര്യങ്ങൾ ഒണ്ട്. എന്നാൽ ചില കാര്യങ്ങൾ ഇവിടെ കുറിച്ചു എന്ന് മാത്രം.

വീണ്ടുമൊരു കൺവൻഷൻ കാലത്തെ സ്വീകരിക്കുവാൻ നമുക്ക് ഒരുമിച്ച് തയ്യാറാകാം. ക്രിസ്തീയ പീഡനങ്ങൾ തുടർച്ചയായി സംഭവിക്കുന്ന ഈ സാഹചര്യത്തിൽ നമുക്കൊരുമിച്ചു മുന്നേറാം. മാറ്റങ്ങൾ അനിവാര്യമാണ്. അത് നമ്മിൽ നിന്ന് തുടങ്ങട്ടെ. അതൊരു പുതിയൊരു ഉണർവ്വിനും കാരണമാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിർത്തുന്നു.

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

## എനിക്കും പറയാനുണ്ട്

# ചിത്രം വിചിത്രം – രൂപമാറ്റം വന്ന പെന്തെക്കോസ്ത്



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ഹോളിവുഡിലെ പ്രശസ്ത നടിയായ ആഞ്ജലീനാ ജോളിയെപ്പോലെയാകുവാൻ ശ്രമിച്ച് വിരൂപയായി മാറിയ ഒരു ഇറാനിയൻ പെൺകുട്ടിയുടെ കഥയാണ് ഇന്ന് നവമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നത്. ഇറാനിൽ നിന്നുള്ള സഹർ തബർ എന്ന സുന്ദരിയായിരുന്ന പത്തൊമ്പതുകാരിയുടെ ഇന്നത്തെ രൂപം നമ്മെ ഞെട്ടിക്കും. ചെലവേറിയതും സങ്കീർണവുമായ 50ലധികം സർജറികളിലൂടെ തന്റെ ആരാധനാപാത്രമായ നടിയെപ്പോലെയാകുവാനാണ് സഹർ ശ്രമിച്ചത്. സ്വതസിദ്ധമായി തനിക്ക് സൃഷ്ടാവ് നൽകിയ സൗന്ദര്യത്തിനപ്പുറത്തേക്ക് കടക്കുവാനുള്ള ശ്രമത്തിന്റെ ദയനീയ പരാജയമാണിപ്പോൾ സംഭവിച്ചിരിക്കുന്നത്. സൗന്ദര്യം വികൃതമായി മാറിയ കാഴ്ച ആരെയും ഞെട്ടിക്കുന്നതാണ്. എന്നാൽ തന്റെ ഫോട്ടോ ഇൻസ്റ്റാഗ്രാമിലും മറ്റു സോഷ്യൽ മീഡിയയിലും പങ്കു വെച്ചിട്ട് താനാണ് ആഞ്ജലീനാ ജോളിയുടെ ഏറ്റവും വലിയ ആരാധിക എന്നും പറഞ്ഞ് തനിക്ക് വന്ന മാറ്റത്തിൽ അഭിമാനിക്കുകയാണ് സഹർ. എന്നാൽ സുന്ദരിയായിരുന്ന യുവതിയുടെ ഇന്നത്തെ വികൃതരൂപം കണ്ട് ഞെട്ടിയിരിക്കുകയാണ് കാണികൾ.

നമ്മുടെ പെന്തെക്കോസ്തിനും ഇതുതന്നെയല്ലേ സംഭവിച്ചിരിക്കുന്നതും. സഭയുടെ നാഥനായ ക്രിസ്തു. അവന്റെ മണവാട്ടിയായ സഭ. പിതാവിന്റെ തിരുഹൃദയപ്രകാരം രൂപപ്പെട്ട സഭ അതിന്റെ സൗന്ദര്യം നിലനിർത്തുക എന്നതിനപ്പുറം രൂപഭേദം വരുത്തുവാൻ പാടില്ല. ആ സഭയുടെ ഭാഗമാണല്ലോ മലയാളി പെന്തെക്കോസ്ത് സമൂഹവും. പാരമ്പര്യ സഭകളെ വിട്ട് പിതാക്കന്മാർ ഈ സമൂഹത്തെ കെട്ടിപ്പടുക്കുവാൻ നൽകിയ വില വളരെ വലിയതായിരുന്നു. നിന്ദയും അപമാനവും സഹിച്ച് വചനസത്യങ്ങൾക്കായി അവർ നിലകൊണ്ടു. ലോകവും സഭയും തമ്മിൽ വേർപാടുണ്ടായിരിക്കണം എന്നവർ പഠിപ്പിച്ചു. ദൈവസ്നേഹവും പരസ്പര ബഹുമാനവും പങ്കിടലും ഈ മാർഗ്ഗത്തിന്റെ അവിഭാജ്യ ഘടകങ്ങളായിരുന്നു. വചനാടിസ്ഥാനത്തിൽ പിതാക്കന്മാർ നൽകിയ "അരുതു"കൾ



ഈ സമൂഹം ശിരസാവഹിച്ചു. പേപ്പട്ടിയെപ്പോലെ ആട്ടിയോടിക്കപ്പെട്ട ഈ സമൂഹം "വേർപാട്" ശക്തിയാക്കി വളർന്നു. ദേശങ്ങളിലേക്ക് ഈ അഗ്നി പടർന്നു. ഗണനീയരല്ലാതെ തഴയപ്പെട്ടവരായി അവർ ദേശങ്ങളിൽ പരിഹാസം ഏറ്റുവാങ്ങി. ക്രിസ്തുവിന്റെ നിന്ദ വലിയധനം എന്നെണ്ണി ക്രമാനുഗതമായ വളർച്ച പെന്തെക്കോസ്തിനുണ്ടായി. ആരോഗ്യകരവും ഉറപ്പുള്ളതുമായ അടിത്തറയോടുകൂടിയുള്ള വളർച്ച അനേകരെ യഥാർത്ഥ മാനസാന്തരത്തിലേക്ക് നടത്തി. പുകവലി, മദ്യപാനം തുടങ്ങിയവ അകറ്റി നിർത്തപ്പെട്ടു. സിനിമയും നാടകവും മുടി കറുപ്പിക്കുന്നതും ആഡംബരവും മാറ്റി നിർത്തി. കോടതി വ്യവഹാരവും പോലീസ് കേസുകളും നാണക്കേടായി കരുതി. ദുർന്നടപ്പും വിവാഹമോചനവും തെറ്റും പാപവുമായി കരുതി. സമൂഹത്തിൽ ഉണ്ടായ മാറ്റങ്ങൾ സഭയ്ക്കകത്തേക്ക് കയറാതിരിക്കുവാൻ പ്രാർത്ഥനാ വീരന്മാരും ഘനശാലികളുമായിരുന്ന ദൈവദാസന്മാർ സദാ ശ്രദ്ധാലുക്കളായി ജാഗരിച്ചു. കാലംകഴിഞ്ഞു. പിതാക്കന്മാരുടെ ആ തലമുറയുടെ വിയോഗം സമർത്ഥന്മാരുടെ കടന്നുകയറ്റത്തിനു അവസരം ഒരുക്കി. സമർപ്പണം എന്നത് സാമർത്ഥ്യത്തിനു വഴി മാറി. ദൂതുവാഹികൾക്കു പകരം പ്രസംഗകർ വേദി കീഴടക്കി. നയിക്കുന്നവർക്ക് പകരം മാനേജർമാർ ഭരണം കൈയ്യാളി. അഡ്മിനിസ്ട്രേറ്റർമാർ ഭരണം നടത്തി. മിസിയോളജിസ്റ്റുകൾ വർദ്ധിച്ചു. ദർശനമുള്ളവർ ചുരുങ്ങി. ധാരാളം പ്ലാനിംഗുകൾ നടത്തി. ദൈവസന്നിധിയിലെ കാത്തിരുപ്പ് ഉണ്ടായില്ല. ധാരാളം പണം നൽകുന്ന സപ്പോർട്ടേഴ്സുണ്ടായി വേലക്കാർ (കൊള്ളാവുന്ന) വർദ്ധിച്ചില്ല. ത്യാഗികൾ കുറഞ്ഞു പദ്ധതികൾ വർദ്ധിച്ചു. കണ്ണുനീർ കുറഞ്ഞു. സുഖലോലുപർ വർദ്ധിച്ചു വന്നവർ വന്നവർ മികച്ച രീതിയിൽ പ്ലാസ്റ്റിക് സർജ്ജറി നടത്താൻ കഴിവുള്ളവർ എന്ന് ഉറക്കെ പ്രഖ്യാപിച്ച് സർജറി ആരംഭിച്ചു. പെന്തെക്കോസ്തിനു സമൂലമായ മാറ്റംവരുത്തി സൗന്ദര്യവർദ്ധനവ് വരുത്തുവാൻ സമർത്ഥന്മാർ ശ്രമിച്ചുകൊണ്ടേയിരുന്നു. വാളെടുത്തവനെല്ലാം വെളിച്ചപ്പാട് എന്നപോലെ വന്നവർ വന്നവർ സർജറി നടത്തി. പിതാക്കന്മാർ അകറ്റി നിർത്തിയതെല്ലാം വിവിധ പേരുകളിൽ പെന്തെക്കോസ്തിൽ അവർ തുന്നി ചേർത്തു. ശ്രേഷ്ഠമെന്നു കണ്ട് ചേർത്തു നിർത്തിയിരുന്നതിനെ അവർ വെട്ടിമാറ്റി.

കോടതിയുലറക്കം, പോലീസ് സ്റ്റേഷനിൽ സ്ഥിരവാസം, ഗുണ്ടായിസം, മാഫിയാ ബന്ധം, സിനിമാ നിർമ്മാണം, നടീ നടന്മാരുടെ എഴുന്നുള്ളത്ത് മദ്യം, വ്യഭിചാരം, അഴിമതി, ദുരുപദേശം, ആർഭാടം, രാഷ്ട്രീയം, കുതികാൽ വെട്ട്, വ്യക്തിഹത്യ തുടങ്ങിയവയെല്ലാം വിദഗ്ദമായി തുന്നിചേർത്തു. വേർപാടും വിശുദ്ധിയും, ലാളിത്യവും, പരസ്പരസ്നേഹവും ബഹുമാനവുമൊക്കെ മുറിച്ചുമാറ്റി. സൗന്ദര്യവൽക്കരണം എന്ന ലക്ഷ്യത്തോടെ ദീർഘമായ സർജറികൾ നടത്തി. പൊതുസമൂഹത്തിനു മുമ്പിൽ ലഭ്യമായ പെന്തെക്കോസ്തിന്റെ ഇപ്പോഴത്തെ ചിത്രം കണ്ട് കാണികൾ അന്തംവിട്ടു നിൽക്കുന്നു. ഈ വിരൂപ ഗാത്രം പെന്തെക്കോസ്തിന്റേതല്ല എന്നു കാണികൾ പറയുമ്പോഴും തിരിച്ചറിയാനാവാത്തത് പെന്തെക്കോസ്തുകാർക്ക് മാത്രം. സുന്ദരിയായിരുന്ന ആ ഇറാനിയൻ പെൺകുട്ടി വൈരൂപ്യം ഏറ്റുവാങ്ങിയിട്ടും ഞാനാണ് ആഞ്ജലീന ജോളിയുടെ ഏറ്റവും വലിയ ആരാധിക എന്ന് അഭിമാനിക്കുമ്പോലെ നാമും വൃഥാ അഭിമാനിക്കുകയാണ്. വൈരൂപ്യം നിറഞ്ഞ ശരീരത്തിന്റെ യഥാർത്ഥ ചിത്രം മനസിലാക്കാതെ നാമും പറയുകയാണ് ഞാനാണ് ശരി ഞാൻ മാത്രമാണ് ശരി. ഞാനാണ് ക്രിസ്തുവിന്റെ യഥാർത്ഥ ആരാധകൻ. നഷ്ടപ്പെട്ട സ്വാഭാവിക സൗന്ദര്യത്തെ ഓർത്ത് ദുഃഖിക്കേണ്ടതിനു പകരം നമ്മുടെ വൈരൂപ്യങ്ങളിൽ സന്തോഷിക്കുന്ന അന്ധന്മാരാണ് നാം. വേണം നമുക്ക് ഒരു മടങ്ങിവരവ്. ക്രിസ്തുവിലൂടെ ലഭ്യമായ സൗന്ദര്യത്തിന്റെ പൂർണതയിലേക്ക്; ആ പഴമയിലേക്ക് ഇത് ഒരു തിരിച്ചറിവാണ് എനിക്കും. കാരണം കാലം ഇനി അധികം ഇല്ലല്ലോ.

## ജയ്മോഹൻ അതിരുങ്കൽ




# സിൽവർ ജൂബിലി ചെറുവക്കൽ കൺവൻഷൻ

**ചെറുവക്കൽ:** ഐ.പി.സി. വേങ്ങൂർ സെന്ററിന്റെയും ചെറുവക്കൽ ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെയും കിളിമാനൂർ ഏരിയായുടെയും നേതൃത്വത്തിൽ നടക്കുന്ന സിൽവർ ജൂബിലി ചെറുവക്കൽ കൺവൻഷൻ ഡിസംബർ 24 മുതൽ 31 വരെ ചെറുവക്കൽ ന്യൂ ലൈഫ് ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടും. വേങ്ങൂർ സെന്റർ പ്രസിഡന്റ് റവ.ഡോ.ജോൺസൺ ഡാനിയേൽ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ജോൺസൺ മേമന, അജി ആന്റണി, അനീഷ് ഏലപ്പാറ, പി.സി.ചെറിയാൻ, വർഗ്ഗീസ് എബ്രഹാം, ബാബു ചെറിയാൻ, സുരേഷ് ബാബു, കെ.ജോയ് എന്നിവർ വചന ശുശ്രൂഷ നിർവ്വഹിക്കുകയും പത്തനാപുരം ശാലേം വോയ്സ് സംഗീത ശുശ്രൂഷയ്ക്ക് നേതൃത്വം നല്കുകയും ചെയ്യും. ദിവസവും രാവിലെയും ഉച്ചയ്ക്കും ഉണർവ്വ് യോഗവും തിങ്കൾ 9 മണി മുതൽ സിൽവർ ജൂബിലി സമാപന സമ്മേളനത്തോട് അനുബന്ധിച്ച് ഭവന സഹായം, സ്കൂൾ, കോളേജ്, പ്രൊഫഷണൽ കോളേജ് പഠന സഹായം, വിധവാ സഹായം, ക്യാൻസർ രോഗ സഹായ വിതരണം, തയ്യൽ മിഷൻ സഹായ വിതരണം എന്നിവ നടത്തപ്പെടും. സംസ്ഥാന മന്ത്രിമാർ, എം.എൽ.എ.-മാർ, എം.പി.-മാർ മറ്റു സാമൂഹിക രാഷ്ട്രീയ, സഭാ നേതാക്കന്മാർ പങ്കെടുക്കും. വെള്ളിയാഴ്ച 2 മണി മുതൽ സോദരി സമാജം, ശനിയാഴ്ച 8.30 -ന് ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി ഗ്രാഡുവേഷൻ, 2 മണി മുതൽ പി.വൈ.പി.എ., സണ്ടേസ്കൂൾ വാർഷികം, 4 മണി മുതൽ സ്നാന ശുശ്രൂഷ. ഞായർ 8.30 മുതൽ സഭയുടെ സംയുക്ത ആരാധനയും കർത്തൃമേശയും നടത്തപ്പെടും. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും ധാരാളം വിശ്വാസികൾ ഈ കൺവൻഷനിൽ സംബന്ധിക്കുന്നതിനാൽ വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് സെക്രട്ടറി പാസ്റ്റർ ജിനു ജോൺ, ബ്രദർ സാം സി.ഡാനിയേൽ എന്നിവർ അറിയിച്ചു.

## 01 വൈ. പി. ഇ. സംസ്ഥാന ക്യാമ്പ്....

വൈ.പി.ഇ സ്റ്റേറ്റ് സെക്രട്ടറി ബ്രദ: മാത്യു ബേബിയുടെ അദ്ധ്യക്ഷതയിൽ പ്രസിഡന്റ് പാസ്റ്റർ: എ. റ്റി. ജോസഫ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. സ്റ്റേറ്റ് ഓവർസിയർ റവ: സി.സി.തോമസ് മുഖ്യസന്ദേശം നൽകും. പാസ്റ്റർമാരായ വൈ റെജി, ജെ ജോസഫ്, ജോൺസൺ ഡാനിയേൽ, എ. പി അഭിലാഷ്, പി. ആർ ബേബി, പ്രിൻസ് തോമസ്, അനീഷ് ഏലപ്പാറ, റെജി ശാസ്താംകോട്ടാ, ഡോ. എബി പി മാത്യു, ഡോ. സിനി ജോയ്സ് മാത്യു, സജി ഉമ്മൻ മാത്യു തുടങ്ങിയവർ ക്ളാസുകൾ നയിക്കും. ഡോ. ബ്ലെസൻ മേമന ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകും. കുട്ടികൾക്കുവേണ്ടി പ്രത്യേക സെഷൻസ് ആദ്യ ദിവസം മുതൽ ഉണ്ടായിരിക്കും.

താലന്ത് പരിശോധന, പവർ മീറ്റിംങ്ങ്, കൗൺസിലിംങ്ങ്, മിഷൻ ചലഞ്ച്, കാത്തിരിപ്പ് യോഗം, കിഡ്സ്-യൂത്ത്-ഫാമിലി സെഷനുകൾ, ഗ്രൂപ്പ് ഡിസ്കഷൻ, ഗാനപരിശീലനം, സൈബർ സുരക്ഷാ ക്ലാസ്, ദുരുപദേശ ബോധവത്കരണം തുടങ്ങിയവ ക്യാമ്പിന്റെ പ്രത്യേകതകളാണ്. സ്റ്റേറ്റ് കോഡിനേറ്റർ പാ: റോബിൻ സി റോയി, ട്രഷറാർ ടോം ടി ജോർജ്ജ്, പാ: ബിനു ചെറിയാൻ, പാ: ഗ്ലാഡ്സൺ ജോൺ തുടങ്ങിയവരുടെ നേതൃത്വത്തിൽ വൈ. പി ഇ ബോർഡ് വിപുലമായ ക്രമീകരണങ്ങൾ ചെയ്തുവരുന്നതായി പബ്ലിസിറ്റി കൺവീനർ പാ. ഫിന്നി ജോസഫ് അറിയിച്ചു.

## 01 കുമ്പനാട് കൺവൻഷൻ.....

എന്നിവയാണ് പ്രധാന യോഗങ്ങൾ. ജനുവരി 21 ഞായർ രാവിലെ എട്ടിന് പതിനായിരക്കണക്കിന് വിശ്വാസികൾ പങ്കെടുക്കുന്ന കർത്തൃമേശയോടും തുടർന്ന് നടക്കുന്ന സമാപന സമ്മേളനത്തോടും കൺവൻഷന് തിരശീല വീഴും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ദൈവമക്കൾ ഒന്നിച്ചുള്ള ഈ ആത്മീയ സംഗമം ഭാരതീയ സുവിശേഷീകരണത്തിന് ഒരു മുതൽകൂട്ടുതന്നെയാണ്. കൺവൻഷന്റെ അനുഗ്രഹത്തിനുവേണ്ടിയും ശക്തമായ ആത്മീയ ഉണർവ്വ് ഉണ്ടാകേണ്ടതിനുമായി ജനുവരി 7 മുതൽ 13 വരെ കുമ്പനാട് കൺവൻഷൻ പന്തലിൽ വെച്ച് ഉപവാസപ്രാർത്ഥനയും ഉണർവ്വ് യോഗവും നടക്കുന്നു. ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, വൈസ് പ്രിസഡന്റ് പാസ്റ്റർ വിൽസൻ ജോസഫ്, ജനറൽ സെക്രട്ടറി പാസ്റ്റർ കെ. സി. ജോൺ, ജോ. സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, ട്രഷറർ ബ്രദർ സജി പോൾ എന്നിവർ എക്സിക്യൂട്ടീവായി ഐ.പി.സിക്ക് ശക്തമായ നേതൃത്വം നൽകുന്നു. പബ്ലിക്കേഷൻ ബോർഡ് കൺവീനറായി ബ്രദർ എം. വി. ഫിലിപ്പും ജോ.കൺവീനറായി ബ്രദർ കുര്യൻ ജോസഫും പ്രവർത്തിക്കുന്നു.

## 01 വീണ്ടും ജനനം....

പ്രതിഫലനം സർവ്വേയിൽ കാണാം. എന്നാൽ ജനസംഖ്യ വളർച്ചാ നിരക്ക് കാണിക്കുന്ന ഏഷ്യക്കാർ, ഹിസ്പാനിക്സ് എന്നിവർ രക്ഷിക്കപ്പെടാൻ സാധ്യതയില്ലാത്ത ജനവിഭാഗങ്ങളിലാണ് എന്ന് സർവ്വേ പറയുന്നു.

സർവ്വേക്ക് രാഷ്ട്രീയ നിറം നൽകാനും ഗവേഷകൻ ശ്രമിക്കുന്നു.

റിപ്പബ്ളിക്കൻ വോട്ടർമാരിൽ 45% രക്ഷിക്കപ്പെട്ടവരാണ്. എന്നാൽ ഡെമോക്രാറ്റുകളിൽ ഇവർ 27% മാത്രമാണ്.

രാഷ്ട്രീയ യാഥാസ്ഥികരിൽ 51% പേർ രക്ഷിക്കപ്പെട്ടവരാണ്. മിതവാദികളിൽ ഇവരുടെ എണ്ണം 27% ആണ്. എന്നാൽ പുരോഗമനവാദ രാഷ്ട്രീയത്തിൽ വിശ്വസിക്കുന്നവരിൽ വെറും 19% ആണ് രക്ഷിക്കപ്പെട്ടവർ.

സർവ്വേ അമേരിക്കയിലാണ് നടന്നതെങ്കിലും യൂറോപ്പ്, ഇന്ത്യ എന്നിവിടങ്ങളിൽ എല്ലാം വീണ്ടും ജനനം പ്രാപിച്ചവർ വംശനാശം നേരിടുന്നു.

**Believers Journal**
Kandankeril Building, Kumbanad P. O.,
Thiruvalla - 689 547

E-mail: beljourn@gmail.com/*Please Visit Us:*
Website: www.beljourn.com

# ഗതി തെറ്റിയ കേരളാ പെന്തെക്കോസ്ത്

ഭാഗം – 3

## മഹത്വം നഷ്ടപ്പെട്ട സഭയിൽ മഹത്വമെടുക്കുന്നവർ



പാസ്റ്റർ ഫിലിപ്പ് പി. തോമസ്

പെന്തെക്കോസ്ത് അനുഭവവും, ദർശനവും നഷ്ടപ്പെട്ട കേരളാ പെന്തെക്കോസ്ത് സഭകളെക്കുറിച്ച് കഴിഞ്ഞ രണ്ട് ലക്കങ്ങളിൽ നാം ചിന്തിച്ചു. സഭക്ക് സംഭവിച്ച ഒരു അപജയമാണ് സഭയിൽ നിന്നും ദൈവമഹത്വം നഷ്ടപ്പെട്ടത്.

കാനാവിൽ പച്ചവെള്ളം വീഞ്ഞാക്കിക്കൊണ്ട് യേശു ദൈവമഹത്വം വെളിപ്പെടുത്തിയതുപോലെ, അപ്പൊസ്തലന്മാരിലൂടെ സഭയിൽ അത്ഭുതങ്ങളാലും അടയാളങ്ങളാലും ദൈവമഹത്വം വെളിപ്പെട്ടുകൊണ്ടിരുന്നു. അവരാരും സ്വന്ത മഹത്വം അന്വേഷിച്ചില്ല തങ്ങൾ ദൈവകരങ്ങളാൽ ഉപയോഗിക്കപ്പെടുന്ന ഉപകരണങ്ങൾ മാത്രം ആയിരുന്നു. ആരും ആരെയും പുകഴ്ത്തിയില്ല, സ്വയം ഉയർത്തിയതുമില്ല.

നൂറ് വർഷങ്ങൾക്ക് മുമ്പ് കേരളത്തിലും പെന്തെക്കോസ്ത് അനുഭവവും ഉണർവ്വും ശക്തമായി വ്യാപരിച്ചപ്പോൾ ദൈവമഹത്വം ലക്ഷ്യമാക്കി ജീവിച്ച തലമുറയിൽ അത്ഭുതങ്ങൾ നിത്യ അനുഭവമായിരുന്നു. “എല്ലാം അങ്ങേ മഹത്വത്തിനായ്, എല്ലാം അങ്ങേ പുകഴ്ചക്കുമായ്” എന്നു അവർ പാടിയത് അനുഭവമായിരുന്നു, അനുകരണമല്ലായിരുന്നു. സഭയിൽ മഹത്വം ദൈവത്തിനു മാത്രമായിരുന്നു. എന്നാൽ ഇന്ന് സ്ഥിതി അതല്ല. എല്ലാവർക്കും എല്ലാത്തിനും മഹത്വം കിട്ടണം. സ്വയം പുകഴ്ത്തുന്നവരെയും, മറ്റുള്ളവരുടെ പുകഴ്ത്തലിൽ പുളകം കൊള്ളുന്നവരെയും കൊണ്ട് സഭകൾ നിറഞ്ഞു. ഓരോരുത്തരും അർഹിക്കുന്നുവെന്ന് അവർ കരുതുന്ന ബഹുമാനം സഭയിൽ കിട്ടാതെ വരുമ്പോൾ വഴക്കായി, കൈയേറ്റമായി, ഭിന്നതയായി.

“അങ്ങാടിയിൽ വന്ദനവും സഭയിൽ മുഖ്യ ആസനവും” കിട്ടിയാൽ പലരും സംതൃപ്തമായി എവിടെയും പ്രോട്ടോക്കോൾ അനുസരിച്ച് ഇരിപ്പിടം കിട്ടും. യേശുക്രിസ്തു പ്രോട്ടോക്കോൾ ലംഘിച്ച് ശിഷ്യന്മാരുടെ കാൽ കഴുകിയത് പലരും വായിച്ചിട്ടില്ല അല്ലെങ്കിലും. വായിക്കുന്നത് ഗ്രഹിക്കുന്നവരും അനുസരിക്കുന്നവരും കുറവാണല്ലോ. ഇന്ന് കാൽ കഴുകൽ ശുശ്രൂഷക്കും പ്രോട്ടോക്കോൾ ഉണ്ട്. സ്റ്റേജ് മാനിയ ബാധിക്കാതെ ശുശ്രൂഷകർ വിരളമാണ്. സ്റ്റേജും മൈക്കും കണ്ടാൽ പിന്നെ ചിലർക്ക് ഏതോ രോഗം പിടിച്ചതുപോലാണ്. മുൻനിരയിൽ അദ്ധ്യക്ഷനോടു ചേർന്ന് സീറ്റു കിട്ടാൻ ചിലർ നേരത്തേ വന്ന് സീറ്റ് പിടിക്കും. ഫോട്ടോയിൽ തല വരാൻ വേണ്ടി പിടലിവെട്ടിച്ചുകൊണ്ടിരിക്കും.

കഴിഞ്ഞ ദിവസം അല്പം താമസിച്ചുചെന്ന ഒരുയോഗത്തിൽ, സ്റ്റേജിൽ പുറകിലത്തെ നിരയിൽ ഒതുങ്ങി ഇരുന്നലേഖകനെ മുന്നിൽ ഇരിക്കാൻ ചിലർ നിർബന്ധിച്ചപ്പോൾ സ്നേഹത്തോടെ നിരസിച്ചു. എന്തുപറ്റിയെന്നു ചോദിച്ച ഒരാളോട്, “എനിക്ക് ആ രോഗമില്ല” എന്നു പറയേണ്ടിവന്നു. മറ്റൊരു യോഗത്തിൽ അദ്ധ്യാപകൻ പ്രൊജക്റ്ററും സ്ക്രീനും വച്ച് സ്ലൈഡുകൾ കാണിച്ച് ക്ലാസ്സെടുത്തപ്പോൾ ലേഖകൻ താഴെ പോയിരുന്നു. എന്നാൽ ചിലർ സ്ക്രീനിലും പുറകിലാണെങ്കിലേ സ്റ്റേജിൽ തന്നെ ഇരിക്കുന്നതുകണ്ടപ്പോൾ ഓർത്തത് “അല്പൻ അർദ്ധരാത്രിയിലും കുട പിടിക്കും”എന്നാണ്.

കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥനായോഗം വച്ചാൽ വരാത്തവരാണ് കൺവൻഷന് മൈക്കിലൂടെ പ്രാർത്ഥിക്കുവാൻ അവസരം കിട്ടാത്തതിന് വഴക്കിടുന്നത്. മരണവീട്ടിലും ആശംസ പറഞ്ഞ് മഹത്വമെടുക്കുന്ന മഹാന്മാരുണ്ട്. തൊണ്ണൂറു വയസ്സുള്ള അമ്മച്ചിയുടെ ശവസംസ്കാര ശുശ്രൂഷയിൽ വന്ന് അനുശോചനം അറിയിക്കുമ്പോൾ, അല്പന്മാർ, താൻ ഉൾപ്പെട്ടു നിൽക്കുന്ന സഭ, സെന്റർ, സംസ്ഥാനം, ബോർഡുകൾ, ടീമുകൾ മുതൽ ശവക്കോട്ട കമ്മിറ്റിക്കാരുടെ വരെ പേരിൽ ദുഃഖവും ആശംസയും അറിയിക്കും. ഉൾപ്പെട്ടുവെന്നു പറയുന്ന ഈ ഗ്രൂപ്പിലാരും ഈ മരണം അറിയുകയോ, ദുഃഖിക്കയോ ചെയ്തിട്ടില്ല. പക്ഷേ അല്പന്മാരുടെ പദവികൾ നിരത്തി മഹത്വമെടുക്കുവാൻ കിട്ടുന്ന ഒരു അവസരവും പാഴാക്കത്തില്ല. എവിടെയെന്നാലും ആശംസ പറഞ്ഞ് സദസിനെ ബോറടിപ്പിക്കുന്നവരെയല്ലേ “വിളക്കുകെടുത്തുന്ന ശലഭങ്ങൾ” എന്നു വിളിക്കേണ്ടത്.

സിനിമാതാരങ്ങളെ വെല്ലുന്ന പടങ്ങൾ ഫ്ളെക്സ് ബോർഡുകളിൽ തിളങ്ങി നിൽക്കുന്നതിലാണ് പല പ്രഭാഷകമാരുടെയും സംതൃപ്തി. ഉദ്ഘാടകന്റെ ചിത്രം വലിപ്പംകൂടി ആദ്യം വച്ചില്ലെങ്കിൽ പ്രശ്നമാണ്. യോഗത്തിലെ ഏറ്റവും പ്രയത്നമുള്ളതും ജനങ്ങൾക്ക് പ്രയോജനപ്പെടുന്നതും ഉൽഘാടനമാണെന്നു തോന്നണം പടം കണ്ടാൽ. വേദിയിലിരിക്കുന്നവരുടെ മുഴുവൻ പേര് പ്രസംഗകർ പറഞ്ഞില്ലെങ്കിൽ പ്രശ്നം കൃതജ്ഞത പറയുമ്പോൾ ആരുടെയെങ്കിലും പേര് വിട്ടുപോയാൽ ഗുരുതര പ്രശ്നം. യോഗത്തിന്റെ അനുഗ്രഹത്തിന് രാപകൽ പ്രാർത്ഥിച്ചവർക്കു മാത്രം മഹത്വം വേണ്ട. ദൈവത്തെ യോഗത്തിൽ പ്രവേശിപ്പിക്കുന്നുമില്ല. ഇന്നത്തെ പല കൺവൻഷനുകളും കൊണ്ട് കേൾവിക്കാർക്ക് യാതൊരു പ്രയോജനവും ഇല്ല. സംഘാടകർക്ക് മഹത്വമെടുക്കുവാനും കമ്മീഷൻ എടുക്കുവാനും വേണ്ടി ജനങ്ങളുടെ ലക്ഷങ്ങൾ പാഴാക്കുകയാണ്.

മഹത്വം നഷ്ടപ്പെട്ടിട്ടും അത് അംഗീകരിക്കുവാനോ, അനുതപിക്കാനോ, തെറ്റുതിരുത്തുവാനോ ആരും തയ്യാറാവുന്നില്ല “മഹത്വം സഭയിൽ നിന്നും പോയി” എന്ന് വിളിച്ചു പറയുവാൻ പോലും ആളില്ല. യിസ്രായേലിൽ മഹത്വം നഷ്ടപ്പെട്ടപ്പോൾ കരയുവാൻ ഫിനഹാസിന്റെ ഭാര്യയെങ്കിലും ഉണ്ടായിരുന്നു. ആൺകുട്ടി ജനിച്ചിട്ടും അവൾക്ക് സന്തോഷിക്കുവാൻ കഴിഞ്ഞില്ല. ദൈവമഹത്വം നഷ്ടപ്പെട്ട സഭക്ക് എന്തു സന്തോഷിക്കുവാൻ? ദൈവ മഹത്വം കടന്നു കയറാത്ത സഭാഹാൾ എയർകണ്ടീഷൻ ചെയ്തിട്ട് എന്ത് പ്രശംസ? യോഗത്തിൽ ആരും മാനസാന്തരപ്പെട്ടില്ലെങ്കിലും മുന്നൂറ് പേർക്കിരിക്കാവുന്ന സ്റ്റേജു പണിതെന്നു പറഞ്ഞ് മഹത്വമെടുക്കുന്നിടത്ത് ദൈവത്തിന് എന്ത് കാര്യം!

ഏലി പുരോഹിതന് കണ്ണിന് കാഴ്ചനഷ്ടപ്പെട്ടതുപോലെ കാഴ്ചപ്പാട് നഷ്ടമായി ദർശനവും നഷ്ടപ്പെട്ട നേതൃത്വങ്ങൾ സഭയെ പിന്നോട്ട് നയിക്കുന്നവരാണ്. അക്കാലത്ത് വചനം ദുർലഭമായതുപോലെ തന്നെ ഇന്നും വേദികളിൽ വചനം മുഴങ്ങുന്നില്ല. വേറൊരു യേശുവും വേറൊരു സുവിശേഷവും പ്രസംഗിക്കുന്നിടത്ത് വേറൊരു ആർക്കാണ് വ്യാപരിക്കുന്നു. വ്യാജപ്രവചനവും വ്യാജരോഗശാന്തി ശുശ്രൂഷയും, ഗാനസന്ധ്യകളും ഡിസ്കോഡാൻകളും അരങ്ങ് തകർക്കുന്നു. ഉന്മാദനൃത്തത്തെ ആരാധനയായി വ്യാഖ്യാനിക്കുന്നു. ഏലിയുടെ മക്കളെക്കാൾ വഴിപിഴച്ച ഒരു തലമുറ സഭയെ കീഴ്പ്പെടുത്തുന്നു. മക്കളെയോ വിശ്വാസികളെയോ ശാസിക്കാൻ ആരുമില്ല. ആരെയും പിണക്കരുതെന്നാണ് പുതിയനയം. കാരണം ഓരോ മനുഷ്യനെയും ഓരോ വോട്ടായിട്ടാണ് സഭാ പ്രിതിനിധികൾ കാണുന്നത്.

മക്കൾ മുപ്പല്ലിയിൽ കൊത്തിയെടുത്ത മേദസ്സ് കുറേശ്ശെ തിന്ന് തടികൂടിയ ഏലിയുടെ വീഴ്ച മറക്കരുത്. അന്യന്റെ പാപത്തിൽ ഓഹരിക്കാരാകുന്നതും പാപമല്ലേ. ദൈവ വ്യവസ്ഥപ്രകാരം പെട്ടകം മടക്കികൊണ്ടു വരേണ്ടതിനു പകരം വിരുതന്മാരുടെ ആലോചന കേട്ട് ഗാനമേളയും ഡാൻസും നടത്തിയാൽ കാളവിരളത്തേ ഉള്ളൂ. കാളയുടെ വിരളൻ അടുത്ത ലക്കത്തിൽ. (തുടരും.)




# അട്ടപ്പാടി...ഓർമ്മകൾ...



1985 സെപ്തംബർ മാസത്തിൽ മലയാള മനോരമയിൽ വന്ന ഒരു ഫീച്ചറുമായാണ് ശ്രീമതി മേരി ഏബ്രഹാം ഹെബ്രോൻ ബൈബിൾ കോളജിലെ ഇംഗ്ലീഷ് മീഡിയം ക്ലാസ്സിലെത്തിയത്. "വെളിച്ചം കാണാത്ത പ്രദേശങ്ങൾ" എന്ന പേരിൽ വന്ന ഫീച്ചറിലെ പ്രതിപാദ്യവിഷയം അട്ടപ്പാടി എന്ന ആദിവാസിമേഖലയിലെ ദുരിതങ്ങളും പട്ടിണിയുമായിരുന്നു നിങ്ങളിൽ ആർ അവിടേക്കുപോകും എന്ന ചോദ്യം വിദ്യാർത്ഥികളിലൊരുവനായിരുന്ന റിട്ടയേർഡ് എയർഫോഴ്സ് ഉദ്യോഗസ്ഥന്റെ ഹൃദയത്തിൽ ഭാരമായി മാറി. ആ ഭാരം ഒരു വെല്ലുവിളിയായി താൻ ഏറ്റെടുത്തു. തന്റെ ചില സഹപാഠികളുമായി ഇത് പങ്കുവെച്ചപ്പോൾ അവരിലേക്കും ആ ആത്മഭാരം വ്യാപിച്ചു. അവർ അടുത്ത ആഴ്ചയിൽ തന്നെ അട്ടപ്പാടിയിലേക്ക് വണ്ടികയറി. പാലക്കാട് മണ്ണാർകാട് വഴി ആ നാലംഗസംഘം അട്ടപ്പാടിയിലെത്തി. അത് ഒരു വലിയ ദൗത്യത്തിന്റെ ആരംഭമായിരുന്നു. അട്ടപ്പാടിയിലെ അന്ധകാരനിബിഡമായിരുന്ന മേഖലകളിലേക്ക് സുവിശേഷത്തിന്റെ വെളിച്ചം പരക്കുവാൻ തുടങ്ങി മലമടക്കുകൾ കയറിയിറങ്ങി ആദിവാസി ഊരുകളിലും മറ്റും സുവിശേഷത്തിന്റെ വിത്ത് അവർ വാരി വിതറി. അവിടെവിടെയായി സഭകൾ ഉടലെടുത്തു. അനേകർ നിത്യജീവന്റെ അവകാശികളായി മാറി. അന്ന് ആ ദൗത്യത്തിനു നേതൃത്വം കൊടുക്കുവാൻ ദൈവം എഴുന്നേൽപ്പിച്ചത് ബെഞ്ചമിൻ തോമസ് എന്ന ദൈവഭൃത്യനാണ് തന്നോടൊപ്പം ദൗത്യത്തിനായി ഇറങ്ങിപുറപ്പെട്ടത് പാസ്റ്റേഴ്സ് ഏ. വി. ജോസ്, ഡേവിഡ് സ്കറിയ, ഷാജി പി. ജോർജ്ജ് എന്നീ ദൈവദാസന്മാരും. ഈ വലയം പിന്നെയും വർദ്ധിച്ചു. അട്ടപ്പാടി മേഖലയിലേക്ക് സുവിശേഷ ദൗത്യവുമായി അനേകർ എത്തി.



**ഓർഡിനേഷൻ:** പാസ്റ്റേഴ്സ് എം. വി. വർഗീസ്, എം. വി. ചാക്കോ മുണ്ടിയപ്പള്ളി, ടി. എസ്. ഏബ്രഹാം, കെ. സി. ജോൺ എന്നിവർ ചേർന്ന് പാസ്റ്റർ ബെഞ്ചമിൻ തോമസിന് കൈവയ്പ് നൽകുന്നു.

ആദ്യയാത്രയിൽ അട്ടപ്പാടിയിലെ താവളം എന്ന സ്ഥലത്തെത്തിയപ്പോൾ ഐ.പി.സി.യുടെ ശുശ്രൂഷകനായ പാസ്റ്റർ റ്റി. എം. ജോണിനെ കാണുകയും പ്രവർത്തനങ്ങൾ മനസിലാക്കുകയും ചെയ്തു. 3 ദിവസത്തോളം വിവിധ ആദിവാസി ഊരുകളിലും മറ്റുമായി പ്രവർത്തിച്ചിട്ട് കുമ്പനാട്ടേക്ക് മടങ്ങുമ്പോൾ അന്ധകാരത്തിൽ ആണ്ടു കിടക്കുന്ന അട്ടപ്പാടിയെന്ന ആദിവാസിമേഖല ഇവരുടെ ഹൃദയത്തിൽ ആഴ്ന്നിറങ്ങി കഴിഞ്ഞിരുന്നു. ഇവിടമാണ് വയൽ എന്ന തിരിച്ചറിവ് പുതിയ ആവേശമായി മാറി. കൂടുതൽ സന്ദർശനങ്ങൾ കൂടുതൽ ആളുകൾ അങ്ങനെ അട്ടപ്പാടി എന്ന വെളിച്ചം കാണാത്ത പ്രദേശങ്ങൾ പ്രവർത്തനമേഖലയായി മാറി. പാസ്റ്റർ ബെഞ്ചമിൻ തോമസ് എന്ന ഭടൻ വെല്ലുവിളികൾ ഏറ്റെടുത്തു. വലിയ ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായി ഊരുകൾതോറും സുവിശേഷം എത്തിച്ചു. കൂട്ടുപ്രവർത്തകർക്കൊപ്പവും മുന്നിൽ നിന്നും പടനയിച്ചു. അന്ധകാരക്കോട്ടകൾ ഇടിച്ച് അവർ മുന്നേറി. അട്ടപ്പാടി ചിറ്റൂർ, ഷോളിയൂർ, അഗളി, ഗൂളിക്കടവ്, മാമണ, ഉമ്മിണി, പൂഞ്ചോല, കൽക്കണ്ടി തുടങ്ങിയ സ്ഥലങ്ങളിലെല്ലാം സഭ ഉടലെടുത്തു. 5 വർഷത്തിനകം 15 ലധികം സഭകൾ ഈ പ്രവർത്തനം മൂലം ആരംഭിച്ചു. നിരക്ഷരരും അലസരുമായ ആദിവാസികളെയും മറ്റുള്ളവരെയും സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുവാൻ പാസ്റ്റർ ബെഞ്ചമിൻ തോമസ് ധാരാളം പദ്ധതികൾ നടപ്പിലാക്കി. സ്വയം തൊഴിലിനായി പശുവളർത്തൽ, കൃഷി എന്നിവയ്ക്കായി പ്രോത്സാഹനവും സഹായവും നൽകിയത് അവരുടെയിടയിൽ വളരെ സ്വാധീനം ഉണ്ടാക്കി. സാമൂഹ്യപ്രവർത്തനത്തിന്റെ ഭാഗമായി റോഡുനിർമ്മാണം, ശുചിത്വ അവബോധം സൃഷ്ടിക്കുവാൻ ഓരോ വീട്ടിലും കക്കൂസ് നിർമ്മാണത്തിന് സഹായം നൽകിയത്, വിദ്യാഭ്യാസം നൽകുവാൻ ആരംഭിച്ച നേഴ്സറി സ്കൂൾ എന്നിവയെല്ലാം സഭാപ്രവർത്തനത്തിൽ സഹായമായി മാറി. അട്ടപ്പാടിയുടെ എല്ലാമേഖലയിലും സഭാപ്രവർത്തനം ആരംഭിക്കുവാനും സുവിശേഷം എത്തിക്കുവാനും പാസ്റ്റർ ബെഞ്ചമിൻ തോമസിന്റെ നേതൃത്വത്തിനു കഴിഞ്ഞു. ഊരുകൾ തോറും സഞ്ചരിച്ചും അവരോടൊപ്പം കഴിഞ്ഞും ഈ പ്രവർത്തനത്തിന് ഊർജ്ജം പകരുവാൻ കഴിഞ്ഞു. ആ മേഖലയിൽ നിന്നു തന്നെ സുവിശേഷകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഒലവക്കോട് ആരംഭിച്ച ഗ്രേയ്സ് സ്കൂൾ ഓഫ് ഇവാഞ്ചലിസത്തിന്റെ പ്രവർത്തനഫലമായി അനേകർ അട്ടപ്പാടിമേഖലയിലും പാലക്കാട് ജില്ലയുടെ വിവിധസ്ഥലങ്ങളിലും സുവിശേഷകരായി എത്തി.

അട്ടപ്പാടി എന്ന വെളിച്ചം എത്താത്ത പ്രദേശങ്ങളിലേക്ക് സുവിശേഷവെളിച്ചവുമായി എത്തുമ്പോൾ കാത്തിരുന്നത് വലിയ വെല്ലുവിളികളും പോരാട്ടങ്ങളുമായിരുന്നു. പൈശാചികപോരാട്ടങ്ങൾ, പട്ടിണി, ഉപദ്രവം ഇതെല്ലാം ഒന്നിനു പുറകെ ഒന്നായെത്തിയെങ്കിലും പാസ്റ്റർ ബെഞ്ചമിൻ തോമസ് എന്ന ഭടനെ ഇതൊന്നും പിന്തിരിപ്പിച്ചില്ല. ഒരിക്കൽ മേട്ടുപ്പാളയത്തുനിന്നു നീലഗിരി റൂട്ടിൽ യാത്ര ചെയ്യുമ്പോൾ സുവിശേഷവിരോധികൾ തന്നെ റോഡരികിലുള്ള വേലിക്കല്ലിൽ പിടിച്ചു കെട്ടുകയും വായിൽ ചാണകം കുത്തിനിറയ്ക്കുകയും ചെയ്തു. മണിക്കൂറുകൾ പൊരിവെയിലിൽ തനിക്ക് അതേ അവസ്ഥയിൽ കിടക്കേണ്ടിവന്നു. എന്നാൽ കാലങ്ങൾ കഴിഞ്ഞപ്പോൾ ആ സ്ഥലത്ത് ഉയർന്ന ആരാധനാലയത്തിൽ 150-ൽ അധികം വിശ്വാസികൾ കർത്താവിനെ ആരാധിക്കുന്നു. വധഭീഷണികൾ പലതുയർന്നു. 1985-ൽ ആരംഭിച്ച പ്രവർത്തനം 1995-ൽ 27 സഭകൾ ആയി വളർന്നു. 1995-ൽ അട്ടപ്പാടി സെന്ററായി ഐ.പി.സി. നേതൃത്വം അംഗീകരിക്കുകയും പാസ്റ്റർ ബെഞ്ചമിൻ തോമസിന് സെന്റർ ചുമതല നൽകുകയും ചെയ്തു. തുടർമാനമായ കൺവൻഷനുകൾ, ടീം പ്രവർത്തനം, സാമൂഹ്യസേവനം എന്നീ നിലകളിലെല്ലാം അട്ടപ്പാടി സെന്ററിന്റെ പ്രവർത്തനം സജീവമായി മുന്നേറി.

ഈ പ്രവർത്തനത്തിൽ സ്നേഹിതരും ബന്ധുക്കളും സഹായഹസ്തം നീട്ടി. പാസ്റ്റർ എ. സി. ജോർജ്ജ്, പാസ്റ്റർ ഉമ്മൻ ഏബ്രഹാം, പാസ്റ്റർ എൻ. സി. ഏബ്രഹാം, മോളി ഏബ്രഹാം തുടങ്ങി പലരും വിവിധ നിലകളിൽ ഈ പ്രവർത്തനത്തിൽ പങ്കാളികളായി.

പെന്തെക്കോസ്ത് സഭാചരിത്രത്തിൽ വളരെ സംഭാവനകൾ നൽകിയിട്ടുള്ള പുവത്തൂർ പൊടിമല കുടുംബത്തിൽ പാസ്റ്റർ പി. എം. തോസിന്റെയും ഏലിയാമ്മ തോമസിന്റെയും 7 മക്കളിൽ അഞ്ചാമനായിട്ടാണ് പാസ്റ്റർ ബെഞ്ചമിൻ തോമസ് ജനിക്കുന്നത്. പ്രൊഫസർ മാത്യു പി. തോമസ് ജ്യേഷ്ഠസഹോദരനാണ്. ഐ.പി.സി.യുടെ ആദ്യകാല പ്രവർത്തകനും എലൂരിൽ നടത്തിയ ഐപിസി രജിസ്ട്രേഷനിൽ അഞ്ചാമനായി ഒപ്പിട്ടിട്ടുള്ളതുമായ പാസ്റ്റർ പൊടിമല മത്തായിച്ചൻ പിതാമഹനും പാസ്റ്റർ പി. എം. ഫിലിപ്പ് പിതൃസഹോദരനുമാണ്. സ്കൂൾ പഠനശേഷം എയർഫോഴ്സ് ഉദ്യോഗസ്ഥനായി ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ സുവിശേഷപ്രവർത്തനത്തിൽ പങ്കാളിയായി. ജോലിയിൽ നിന്നും വിരമിച്ചശേഷം സൗദി അറേബ്യയിൽ എത്തി. 1979–85 വരെ സൗദി അറേബ്യയിൽ ജോലിയിലായിരുന്നു. തുടർന്ന് പൂർണ്ണസമയ സുവിശേഷപ്രവർത്തനത്തിനായി സമർപ്പിച്ച് ഹെബ്രോൻ ബൈബിൾ കോളജിൽ വേദപഠനത്തിനായി എത്തി. അവിടെ നിന്നാണ് അട്ടപ്പാടിയിലെത്തിയത്.

1995-ൽ ഓർഡിനേഷൻ ലഭിച്ചു. സെന്ററിന്റെ ചുമതലയും ഏല്പിച്ചു. അതേവർഷം അമേരിക്കയിലേക്ക് എത്തിച്ചേർന്നു. ഒക്കലഹോമയിലെ ഐ.പി.സി. സഭയുടെ ശുശ്രൂഷകനായി. മിഡ്വെസ്റ്റ് റീജിയൻ സെക്രട്ടറിയായും പ്രവർത്തിച്ചു. 2007 വരെ എല്ലാ വർഷവും അട്ടപ്പാടിയിലെത്തുകയും സഭകളെ സഹായിക്കുകയും ചെയ്തുവന്നു. ഇപ്പോഴും ചില സഭകളെ സഹായിക്കുകയും ചാരിറ്റി പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു.

അമേരിക്കയിലേക്കെത്തുമ്പോൾ സെന്ററിന്റെ പ്രവർത്തനങ്ങൾ പാസ്റ്റർ ടി. എസ്. ഏബ്രഹാം നിർവ്വഹിച്ചു. പാസ്റ്റർ കെ. ഒ. ജോസഫ് മേൽനോട്ടം വഹിക്കുകയും പാസ്റ്റർ എം. ജെ. മത്തായി, പാസ്റ്റർ എം. കെ. ജോയി എന്നിവർ നേതൃത്വം നൽകുകയും ചെയ്തു. പിന്നീട് അട്ടപ്പാടി സെന്റർ വിഭജിച്ച് ഒലവക്കോട് സെന്റർ രൂപീകരിച്ചു. പാസ്റ്റർ എം. ജെ. മത്തായി, പാസ്റ്റർ എം. കെ. ജോയി എന്നിവർ സെന്ററുകൾക്ക് നേതൃത്വം നൽകുന്നു. അന്ന് ആരംഭിച്ച് ഗ്രേയ്സ് ബൈബിൾ സ്കൂളിന് ഇന്ന് ശാലേം ബൈബിൾ സ്കൂൾ എന്ന പേരിൽ പാസ്റ്റർ ജോർജ്ജ് എൻ. ഏബ്രഹാമും സഹോദരന്മാരും നേതൃത്വം നൽകുന്നു. പാസ്റ്റർ എം. കെ. ജോയി ഡയറക്ടറായി പ്രവർത്തിക്കുന്നു. 1985-ൽ ഒരു പ്രവർത്തനം മാത്രം ഉണ്ടായിരുന്ന മേഖലയിൽ ഇന്ന് വിവിധ പ്രസ്ഥാനങ്ങളുടേതായി ധാരാളം സഭകളുണ്ട്. തിരിഞ്ഞു നോക്കുമ്പോൾ അന്നു വിതച്ച വിത്തുകൾ ഫലം കായ്ക്കുന്നതിൽ ആനന്ദിക്കുകയാണ് അട്ടപ്പാടിയുടെ അപ്പൊസ്തലനായ 74 കാരനായ ബെഞ്ചമിൻ തോമസ് എന്ന സുവിശേഷ പോരാളി. പിന്നിട്ട വഴികൾ കനൽ നിറഞ്ഞതായിരുന്നെങ്കിലും താങ്ങും കരങ്ങളുടെ കരുതൽ എത്രയോ അനവധി എന്ന് ഓർത്ത് നാഥന് നന്ദി കരേറ്റുന്നു. വാർദ്ധക്യത്തിലും വിശ്രമജീവിതം മാറ്റിവെച്ച് ലഭിക്കുന്ന സമയങ്ങൾ ഭാരതത്തിലെത്തുവാൻ തുടിക്കുന്ന മനസ്. അട്ടപ്പാടിയിൽ സുവിശേഷത്തോടൊപ്പം സമർപ്പിച്ച ജീവിതത്തിന്റെ ഉടമ.

സഹധർമ്മിണി പൊന്നമ്മ ബെഞ്ചമിൻ. മക്കൾ: പാസ്റ്റർ സന്തോഷ് പൊടിമല, ജോർജ്ജ് ബെഞ്ചമിൻ, ഷെറിൻ.



അട്ടപ്പാടി സെന്ററിലെ ആദ്യകാലപ്രവർത്തകർ

## ചോദ്യോത്തരവേദി

# കണ്ണുദോഷം ഉള്ളതോ?

**ചോദ്യം:** യേശു പറഞ്ഞു: "മനുഷ്യനിൽ നിന്ന് പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധനാക്കുന്നത്;......വിടക്ക് കണ്ണ്, (ദോഷദൃഷ്ടി)...." (മർക്കോസ് 7:20). ചില ഭാഷാന്തരങ്ങളിൽ, വിടക്കുകണ്ണിന് (ദോഷദൃഷ്ടിക്ക്) പകരം അസൂയ എന്നാണ് കാണുന്നത്. ഇതിൽ ഏതാണ് ശരി? വിടക്കുകണ്ണുള്ള ഒരാൾ എന്തെങ്കിലും പറഞ്ഞാൽ നാശം സംഭവിക്കുമോ?

**- ചെറിയാൻ, ചങ്ങനാശ്ശേരി**



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

**ഉത്തരം:** വിടക്കുകണ്ണ് അല്ലെങ്കിൽ ദോഷദൃഷ്ടി എന്നുള്ളതാണ് ശരി. ഇംഗ്ലീഷിൽ evil eye എന്നാണ് ഭാഷാന്തരം. ഭാഷാന്തരം ചെയ്തവർക്ക് ദോഷദൃഷ്ടി അല്ലെങ്കിൽ വിടക്കുകണ്ണിൽ വിശ്വാസം ഇല്ലാഞ്ഞതുകൊണ്ട് അസൂയ എന്ന് ചേർത്തതാവാം. വിടക്കുകണ്ണ് അല്ലെങ്കിൽ ദൃഷ്ടിദോഷം നമ്മളിൽ നിന്ന് പുറപ്പെടുന്ന ഒരു ശക്തിയാണ്. ഇത് ഞാൻ പറഞ്ഞതല്ല കർത്താവ് പറഞ്ഞതാണ് (മർക്കൊസ് 7:20). ഒരു ഗ്രാമത്തിലെ ഒരു വാർഡിൽ തന്നെ ഈ ശക്തിയുള്ളവർ പലരു കാണും. ശക്തിയിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകാം. ശക്തികൂടിയവരെ കണ്ണനപ്പൻ, കണ്ണമ്മച്ചി തുടങ്ങിയ അപരനാമങ്ങളിൽ അറിയപ്പെടും. വൈറസ് ബാധിച്ച് ജലദോഷം പിടിപ്പെട്ട് അല്ലെങ്കിൽ ഗുരുതരമായ രോഗമുള്ള ഒരാൾ സഭായോഗത്തിന് വന്ന് പ്രസംഗിക്കുകയോ പ്രബോധിപ്പിക്കുകയോ ചെയ്യുന്നതുപോലെ ദോഷദൃഷ്ടി (വിടക്കുകണ്ണ്) ഉള്ള വ്യക്തികൾ പ്രസംഗിക്കുകയോ പ്രബോധിപ്പിക്കുകയോ ഗാനങ്ങൾ ആലപിക്കുകയോ ചെയ്യും. എന്നാൽ ഇവരുടെ കൂടിയ സാമിപ്യം ദോഷം ചെയ്യുമെന്ന് അനുഭവത്തിൽകൂടി മനസ്സിലാക്കാം.

**എന്റെ അനുഭവം**

എനിക്കു പള്ളിഭക്തനായ ഒരു ബന്ധുവുണ്ട്. കുറെ നാളുകൾക്ക് മുമ്പുവരെ അദ്ദേഹത്തിന്റെ ചില ആവശ്യങ്ങൾക്ക് ഞാനൊരു സഹായിയായിരുന്നു. അദ്ദേഹം ഒരിക്കൽ എന്നോടു പറഞ്ഞു: 'എനിക്കൊരു സിവിൾ കോൺട്രാക്ടറെ ആവശ്യമുണ്ട്. വീടിന് ചില പണികളൊക്കെ ചെയ്യണം'. എന്റെ പരിചയത്തിലുള്ള ഒരു കോൺട്രാക്ടറെ ഞാൻ പരിചയപ്പെടുത്തികൊടുത്തു. അങ്ങനെ പണി തുടങ്ങി. പണി പരിശോധിക്കാൻ ദിവസവും രാവിലെ കോൺട്രാക്ടർ വരും. ഒരു ദിവസം കോൺട്രാക്ടർ രാവിലെ 10 മണിക്കു വന്നപ്പോൾ എന്റെ ഈ ബന്ധു കോൺട്രാക്ടറോട് പറഞ്ഞു: 'സജി (കോൺട്രാക്ടർ) ദിവസവും വരേണ്ട. മേസ്തിരിമാർ നല്ല പണിക്കാരാണ്. ഞാനുണ്ടല്ലോ ഇവിടെ'. കോൺട്രാക്ടറുടെ സമയം ലാഭിക്കാൻ നല്ല ഉദ്ദേശത്തോടെ അദ്ദേഹം പറഞ്ഞതാണ്. കോൺട്രാക്ടർ പോയി. 10 മിനിറ്റ് കഴിഞ്ഞു കാണും. മേസ്തിരിമാർ രണ്ടുപേരും രണ്ടാംനിലയിൽ നിന്ന് വീണ് രണ്ടുപേരുടെയും കൈകൾ ഒടിഞ്ഞു. കോൺട്രാക്ടർ തിരിച്ചുവന്നു. ഇവരെ ആശുപത്രിയിൽ കൊണ്ടുപോയി. ആ വഴിക്കുള്ള കോൺട്രാക്ടറുടെ ചിലവ് ഇരുപത്തയ്യായിരം രൂപ. പണിയെല്ലാം പൂർത്തിയായി, കോൺട്രാക്ടർക്ക് ഒരു പതിനയ്യായിരം രൂപ കൂടി കിട്ടാനുണ്ട്. ബന്ധുവിന്റെ വീട് **ഒരു കുന്നിൻ പുറത്താണ്.** സ്കൂട്ടറിൽ കോൺട്രാക്ടർ ബന്ധുവിന്റെ വീട്ടിലേക്ക് ചെന്നു. സ്കൂട്ടർ നിർത്തി സ്റ്റാന്റിൽ വച്ച് വീടിനകത്തേക്ക് കയറി. ബന്ധു കോൺട്രാക്ടറോട് ചോദിച്ചു: "സ്കൂട്ടർ ഏതു ഗിയറിലാണ് കയറ്റം കേറി വന്നത്?". 20 വർഷം പഴക്കമുള്ള തന്റെ സ്കൂട്ടറിനെക്കുറിച്ച് പറയാൻ കോൺട്രാക്ടർക്ക് നൂറു നാവാണ്. അദ്ദേഹം ഏതാണ്ടിപ്രകാരം പറഞ്ഞു: "സ്കൂട്ടർ എനിക്കൊരു സഹോദരനെപ്പോലെയാണ്. പെട്രോൾ ഒഴിച്ചില്ലെങ്കിലും എന്നെ വീട്ടിൽ കൊണ്ടു വിട്ടിട്ടേ സ്കൂട്ടർ നില്ക്കൂ. ഇതുവരെ ഒരപകടവും ഉണ്ടാക്കിയിട്ടില്ല". രൂപയും വാങ്ങി വീട്ടിൽ നിന്ന് തിരിച്ചിറങ്ങുമ്പോൾ കാണുന്നതിങ്ങനെയാണ്. സ്റ്റാന്റിൽ വച്ചിരുന്ന സ്കൂട്ടർ മറിഞ്ഞുവീണ് ഹാൻഡിൽ ഒടിഞ്ഞ് കിടക്കുന്നു. വേറെ വാഹനം വിളിച്ച് സ്കൂട്ടർ കയറ്റി വർക്ക്ഷോപ്പിലേക്ക് കൊണ്ടുപോയി. ബന്ധു എന്നോട് പറഞ്ഞു: "എനിക്കൊരു നല്ല ഇലക്ട്രീഷ്യനെ വേണം". ഞാനൊരു നല്ല ഇലക്ട്രീഷ്യനെ പരിചയപ്പെടുത്തി കൊടുത്തു. ഞാൻ ഇലക്ട്രീഷ്യന് ഒരു മുന്നറിയിപ്പ് കൊടുത്തിരുന്നു. പ്രാർത്ഥിച്ചശേഷമേ വീട്ടിൽ കയറാവൂ, പണി തുടങ്ങാവൂ എന്ന്. അതിന്റെ കാരണവും പറഞ്ഞു. ഇലക്ട്രീഷ്യൻ എന്നെ കളിയാക്കിക്കൊണ്ട് പറഞ്ഞു: 'സാറിന് വിവരമുണ്ടെന്നാണ് ഞാൻ ഇത്രയും നാൾ കരുതിയത്, സാറ് ഇതുപോലുള്ള അന്ധവിശ്വാസങ്ങളിൽ കുടുങ്ങിക്കിടക്കുകയാണെന്ന് ഞാനൊരിക്കലും കരുതിയിരുന്നില്ല'. ഇലക്ട്രീഷ്യൻ തന്റെ പണിയെല്ലാം പൂർത്തിയാക്കി അദ്ദേഹത്തിന്റെ വേറൊരു ആവശ്യമായിരുന്ന കിണറുകൂടി തേകി കൊടുത്തു. പണിക്കൂലി കൊടുക്കാൻ നേരത്ത് അദ്ദേഹം ഇലക്ട്രീഷ്യനോട് പറഞ്ഞു: "ബിനുവിന്റെ പണിയെനിക്ക് ഇഷ്ടപ്പെട്ടു". ബിനുവിനും സഹായിക്കും പിന്നെ ജോലിക്കിറങ്ങാൻ സാധിച്ചത് മൂന്ന് മാസത്തിനുശേഷമാണ്. നടുവേദന, പിടലി വെട്ടൽ മുതലായ അസ്വസ്ഥതകളായി വീട്ടിൽ മൂന്നുമാസം കിടന്നു.

നാട്ടിൽ വെള്ളത്തിന് ക്ഷാമമുണ്ടായപ്പോൾ അദ്ദേഹം ഒരു ലോഡ് കുടിവെള്ളം ആവശ്യപ്പെട്ടു. ഞാനൊരാളെ ഏർപ്പാട് ചെയ്തു. വണ്ടി കുടിവെള്ളവുമായി കയറ്റംകയറി വരുന്നത് അദ്ദേഹത്തിനിഷ്ടപ്പെട്ടു. അദ്ദേഹം നോക്കി നില്ക്കുകയാണ്. കുടിവെള്ളം പമ്പ് ചെയ്യാൻ തുടങ്ങിയപ്പോൾ, 2000 ലിറ്ററിന്റെയും, 1500 ലിറ്ററിന്റെയും ടാങ്ക്, വെള്ളം സഹിതം വണ്ടിയിൽ നിന്ന് താഴേക്ക് വീണ് ടാങ്കുകൾ പൊട്ടിച്ചിതറി. വെള്ളം സപ്ലൈ ചെയ്യുന്നവൻ ദുഃഖത്തോടെ അവിടെ നിന്ന് പോയി.

ഒരു ദിവസം അദ്ദേഹവും ഭാര്യയും ഒരു വീട്ടിൽ സൗഹൃദസന്ദർശനത്തിന് ചെന്നു. വൈകുന്നേരം അഞ്ചര മണി. പോർട്ടിക്കോവിലിരുന്ന് ചായ കുടിക്കുകയാണ്. വീടിന് മുന്നിലുള്ള വാകമരത്തിന്റെ ശിഖരം പോർട്ടിക്കോവിന് തണൽ നല്കികൊണ്ട് നിൽക്കുന്നത് ഇഷ്ടപ്പെട്ടിട്ട് അദ്ദേഹം ആ ശിഖരത്തെ അഭിനന്ദിച്ച് സംസാരിച്ചു. ചായകുടിയെല്ലാം കഴിഞ്ഞ് അദ്ദേഹവും ഭാര്യയും തിരിച്ചുപോന്നു. പെട്ടെന്ന് ഒരു കാറ്റുണ്ടായി. ആ കാറ്റ് വാകമരത്തിന്റെ ശിഖരത്തെ ഒടിച്ച് പോർട്ടിക്കോ തകർത്തു. ശിഖരവും പോയി പോർട്ടിക്കോയും പോയി.

അദ്ദേഹം വേറൊരു വീട്ടിൽ സൗഹൃദസന്ദർശനത്തിന് ചെന്നു. പ്രസ്തുത വീട്ടിലെ ഗൃഹനാഥന് മുയൽ വളർത്തൽ ഒരു ഹോബിയായി അഞ്ചാറു വർഷങ്ങളായി ചെയ്യുന്നുണ്ട്. അദ്ദേഹത്തിന് മുയൽ വളർത്തൽ ഇഷ്ടപ്പെട്ടിട്ട് പ്രസ്തുത വീട്ടുകാരെ അഭിനന്ദിച്ചു. അന്നു രാത്രി വന്യമൃഗങ്ങൾക്കുപോലും തകർക്കാൻ പറ്റാത്ത ഫെൻസിങ്ങ് നാട്ടിലെ തെരുവു പട്ടികളെല്ലാം കൂടി തകർത്തിട്ട് മുയലിനെയെല്ലാം എടുത്തുകൊണ്ടുപോയി. അദ്ദേഹത്തിന്റെ ഭാര്യക്ക് ഇദ്ദേഹത്തിന്റെ വിടക്കുകണ്ണിനെക്കുറിച്ച് നല്ല ബോധ്യമുള്ളതിനാൽ, അദ്ദേഹമറിയാതെ ഒരു തക്കാളിച്ചെടി അടുക്കളഭാഗത്ത് വളർത്തി ശുശ്രൂഷിച്ചിരുന്നു. പൂവിട്ടപ്പോൾ അദ്ദേഹമതു കണ്ടെത്തി. അദ്ദേഹം പറഞ്ഞു: 'നീയെന്നെ കാണിക്കാതെ ചെടി വളർത്തി. നല്ല പോലെ പൂവിട്ടിട്ടുണ്ട്.' ഒറ്റ മണിക്കൂറുകൊണ്ട് ചെടി കരിഞ്ഞ് ഉണങ്ങി വീണു. അദ്ദേഹത്തിന്റെ ദൃഷ്ടിദോഷത്തെക്കുറിച്ച് അദ്ദേഹം ബോധവാനാണ്. അതുമാറണമെന്നോ അതിന്റെ വിടുതലോ അദ്ദേഹം ഇതുവരെ ആഗ്രഹിച്ചിട്ടില്ല. ഇതുപോലെ പറയാൻ ധാരാളമുണ്ട്. ഓർത്തഡോക്സുകാരനായ അദ്ദേഹത്തെ സ്നാനസമയത്ത് കൈവച്ച് തല തൊട്ടിരിക്കുന്നത് കണ്ണനപ്പൻ എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന ഒരപ്പച്ചനാണ്. പൗലോസപ്പോസ്തലൻ തിമൊഥെയോസിന് ഇപ്രകാരം എഴുതി: **'എന്റെ കൈ വെപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം** ജ്വലിപ്പിക്കണം എന്നു ഞാൻ ഓർമ്മപ്പെടുത്തുന്നു. ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും അച്ചടക്കത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്ക് നല്കിയത്' (2 തിമൊ.1:6,7).

രോഗശാന്തിവരം ഉള്ളവർ പ്രാർത്ഥിച്ചാൽ പെട്ടെന്ന് രോഗസൗഖ്യം ഉണ്ടാകുന്നതുപോലെയും, ഭൂതഗ്രസ്തർക്ക് വിടുതൽ കൊടുക്കാൻ ശുശ്രൂഷയുള്ളവരുടെ സാമിപ്യം കൊണ്ട് തന്നെ ബാധ ഉള്ളവർ ഇളകുന്നതും ഞാൻ നേരിൽ കാണാറുണ്ട്. ഈ വിഷയങ്ങളിൽ നിരീക്ഷണമോ ഗവേഷണമോ നടത്താൻ ആഗ്രഹമുള്ളവരെ ഈ എഴുത്തുകാരൻ സഹായിക്കുന്നതായിരിക്കും.

പാപപ്രവർത്തികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് നിർത്തിയിട്ട്, ചിന്തയിൽ തെറ്റുന്നുണ്ടെങ്കിൽ കർത്താവിനോട് അതേറ്റ് പറഞ്ഞു കർത്താവ് പഠിപ്പിച്ച പ്രാർത്ഥന ഉരുവിട്ടശേഷം ഇങ്ങനെയുള്ളവരുമായി ഇടപെട്ടാൽ ദോഷങ്ങൾ ഒന്നും സംഭവിക്കില്ല. "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ പറയേണ്ടത്: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടണമേ; നിന്റെ രാജ്യം വരണമേ.....പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ; **ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ...." (മത്തായി 6:9, ലൂക്കോസ് 11:1)**

## 01 പി.സി.എൻ.എ.കെ. 2018......

ഷൻ പാസ്റ്റർ വിൽസൺ വർക്കി (ICA)യിൽ നിന്നും കൺവീനർ പാസ്റ്റർ ബെഥേൽ ജോൺസൺ ഏറ്റുവാങ്ങി. പാസ്റ്റർ ജോയി പി. ഉമ്മൻ രജിസ്ട്രേഷനുവേണ്ടി പ്രാർത്ഥിച്ചു. പി.സി.എൻ.എ.കെ. 2018 ഔദ്യോഗിക പത്രിക പി.സി.എൻ.എ.കെ. വോയ്സിന്റെ പ്രകാശനം പാസ്റ്റർ ജേക്കബ് ജോർജ്ജ്, പാസ്റ്റർ ബാബു തോമസിന് നൽകി നിർവ്വഹിച്ചു. നാഷണൽ സെക്രട്ടറി വെസ്ലി മാത്യു പ്രസംഗകരെ പ്രഖ്യാപിച്ചു. സാജു മാത്യുവിനെകൂടാതെ സാമുവേൽ റോഡ്രിഗ്സും മറ്റു പ്രസംഗകരും ശുശ്രൂഷകരായെത്തും സാമ്പത്തിക കാര്യങ്ങളെക്കുറിച്ചും രജിസ്ട്രേഷനെക്കുറിച്ചും നാഷണൽ ട്രഷറർ ബാബുക്കുട്ടി ജോർജ്ജ് പ്രസ്താവന നടത്തി. യുവജനസമ്മേളനങ്ങളെക്കുറിച്ച് നാഷണൽ യൂത്ത് കോർഡിനേറ്റർ ഷോണി തോമസും ലേഡീസ് മീറ്റിംഗുകളെ സംബന്ധിച്ച് ആഷാ ഡാനിയേലും പ്രസ്താവന നടത്തി. ഡോളസ് സിഗ്മട്രാവൽസാണ് പി.സി.എൻ.എ.കെ. 2018 പ്രധാന സ്പോൺസർ. പാസ്റ്റർ കെ. വി. ഏബ്രഹാം പ്രാർത്ഥിച്ചാരംഭിച്ച പ്രമോഷണൽ മീറ്റിംഗിൽ ന്യൂയോർക്കിന്റെ വിവിധഭാഗങ്ങളിൽ നിന്നായി സഭാ പ്രതിനിധികൾ, ശുശ്രൂഷകർ, പി.സി.എൻ.എ.കെ. മുൻ ഭാരവാഹികൾ, വിവിധ സഭാ കോൺഫറൻസ് ഭാരവാഹികൾ തുടങ്ങി വൻപ്രാതിനിധ്യം ഉണ്ടായിരുന്നു. പി.സി.എൻ.എ.കെ. 2018 മ്യൂസിക് കോർഡിനേറ്റർ പ്രിൻസ് മാത്യു സംഗീത ശുശ്രൂഷക്ക് നേതൃത്വം നൽകി. വിവിധ സഭകളിൽ നിന്നുള്ള ഗായകർ പങ്കെടുത്തു. പാസ്റ്റർ ജോണിക്കുട്ടി വർഗ്ഗീസ് ബ്രദർ സോണി വർഗ്ഗീസ് എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി. പാസ്റ്റർ കെ. പി. റ്റൈറ്റസ് പ്രാർത്ഥിച്ച് ആശീർവാദം പറഞ്ഞു. അമേരിക്കയിലെ വിവിധ പട്ടണങ്ങളിൽ പ്രമോഷണൽ മീറ്റിംഗ് നടക്കുമെന്ന് പി.സി.എൻ.എ.കെ. 2018 നാഷണൽ ഭാരവാഹികൾ അറിയിച്ചു.

## ജനറൽ കൺവൻഷൻ

**ബീഹാർ:** ബീഹാർ മിഷന്റെ ഏഴാമത് ജനറൽ കൺവൻഷൻ 2017 ഒക്ടോബർ 28 മുതൽ 30 വരെ ജമ്നാപൂരിൽ നടന്നു. പാസ്റ്റർമാരായ അജിത് പി. മാത്യു, ഫ്രാൻസിസ് സേവ്യർ, സ്റ്റാൻലി ജോസഫ് എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. തിരുവത്താഴ ശുശ്രൂഷയ്ക്ക് പാസ്റ്റർമാരായ അലക്സ് ജേക്കബ്, ഷെർവിൻ ജേക്കബ് നേതൃത്വം നൽകി. ബീഹാർ മിഷൻ മ്യൂസിക് ടീം ഗാനശുശ്രൂഷ നിർവ്വഹിച്ചു.

## വാർഷിക കൺവൻഷൻ

**ഫ്ളോറിഡ:** ഐ.പി.സി സൗത്ത് ഫ്ളോറിഡ സഭയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 8, 9 തിയ്യതികളിൽ വാർഷിക കൺവൻഷൻ സൗത്ത് ഫ്ളോറിഡയിലെ സൺറൈസിൽ നടന്നു. ഡോ. സാബു വർഗീസ് മുഖ്യ പ്രസംഗകനായിരിക്കും. പാസ്റ്റർമാരായ കെ.സി.ജോൺ ഫ്ളോറിഡ, ജോൺ തോമസ് എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നല്കി.9 ന് രാവിലെ 10 മുതൽ 12 വരെ സെമിനാർ നടന്നു. സഭാ സെക്രട്ടറി ബ്രദർ ജയിംസ് മുളവന, ട്രഷറാർ ബ്രദർ ജെസി ജേക്കബ് എന്നിവർ നേതൃത്വം നല്കി.

## പാസ്റ്റേഴ്സ് & ഫാമിലി കോൺഫറൻസ്

**കുമ്പനാട്:** ഗുഡ് സമരിറ്റൻ മിനിസ്ട്രീസിന്റെ നേതൃത്വത്തിൽ ഡിസംബർ 19ന് ചൊവ്വ 10 മുതൽ 2 വരെ ചാലക്കുടി വ്യാപരഭവൻ ആഡിറ്റോറിയത്തിൽ ലേഡീസ് ഫെലോഷിപ്പ് നടക്കും. സിസ്റ്റർ ആനി ഏബ്രഹാം സ്റ്റീഫൻ മുഖ്യപ്രഭാഷണം നൽകും. കർത്തൃദാസന്മാരായ മാത്യു സ്റ്റീഫൻ, കെ. ജെ. മാത്യു എന്നിവർ പ്രസംഗിക്കും. എൻ. ഡി.ജോൺസൺ, സുനിൽ മാത്യു എന്നിവർ നേതൃത്വം നൽകും.

ഡിസംബർ 7 വ്യാഴം രാവിലെ 10 മുതൽ 4 വരെ കുമ്പനാട് ഗുഡ് സമരിറ്റൻ ഹോമിൽ പാസ്റ്റേഴ്സ് & ഫാമിലി കോൺഫറൻസ് നടന്നു. സിസ്റ്റർ ആനി ഏബ്രഹാം സ്റ്റീഫൻ മുഖ്യപ്രഭാഷണം നടത്തി. കർത്തൃദാസന്മാരായ മാത്യു സ്റ്റീഫൻ, ജോൺ ജോർജ്ജ്, കെ. ജെ. മാത്യു എന്നിവർ പ്രസംഗിച്ചു. സാബു ചാക്കോ, എം. എം. ശമുവേൽ, അലക്സ് ജോർജ്ജ് എന്നിവർ നേതൃത്വം നൽകി.

ക്രിസ്മസ് കാലയളവിൽ വിതരണം ചെയ്യാൻ ഒരു ലഘുലേഖ,

**'ശാന്തരാത്രി തിരുരാത്രി'**

ബഹുവർണ്ണ കാർട്ടൂൺ ട്രാക്റ്റ് 9567759746




E-mail:
beljourn@gmail.com/
*Please Visit Us:*
Website:
www.beljourn.com

# നിത്യതയിൽ



**പാസ്റ്റർ കെ. റ്റി. ഈപ്പൻ**

53 വർഷങ്ങൾക്കു മുമ്പ് ബീഹാറിൽ മിഷനറിയായി കടന്നുപോയി പെന്തെക്കോസ്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച പാസ്റ്റർ കെ. റ്റി. ഈപ്പൻ (79) നിത്യതയിൽ. കവുങ്ങുംപ്രയാർ കണ്ണേടത്ത് കുടുംബാംഗം ആണ്. പട്ന ചഞ്ചുബാഗ് ഹൌസ് ഓഫ് പ്രെയർ സഭയുടെ സീനിയർ ശുശ്രൂഷകനും ആയിരുന്ന ദൈവദാസൻ ബീഹാറിൽ മിഷനറി ആയി വന്നു സഭാപ്രവർത്തനങ്ങൾ നടത്തുകയും അനേകം സഭകൾ സ്ഥാപിക്കുകയും ചെയ്തു സ്വർഗീയ പിതാവ് ഏൽപ്പിച്ച ദൗത്യങ്ങൾ പൂർണ്ണമായി നിറവേറ്റി നിത്യതയിൽ വിശ്രമത്തിനായി ചേർക്കപ്പെട്ടു. പത്തനാപുരം പീടിയിൽ കുടുംബാംഗമായ ചിന്നമ്മ ആണ് ഭാര്യ. മക്കൾ കെന്നത്ത് ഈപ്പൻ, സാം ഈപ്പൻ, മേഴ്സി തോമസ് എല്ലാവരും കുടുംബമായി അമേരിക്കയിൽ ആണ്. സംസ്കാര ശുശ്രൂഷ നടത്തി.



**എം. എം. മത്തായി (105)**

**പുനലൂർ:** ഇട്ടത്തൂർ പുത്തൻവീട്ടിൽ എം. എം. മത്തായി (105) നവംബർ 16-ന് നിത്യതയിൽ ചേർക്കപ്പെട്ടു. പാസ്റ്റർ സാം വർഗീസ് ഭവനത്തിലെ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. നവം.20ന് അമ്പിക്കോണം ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ സഭയുടെ ആഭിമുഖ്യത്തിൽ പ്ലാച്ചേരി സെമിത്തേരിയിൽ പാസ്റ്റർ സണ്ണി ഫിലിപ്പ് സംസ്കാരം നടത്തി. പാസ്റ്റർമാരായ പി. എസ്. ഫിലിപ്പ്, സി. എ. തോമസ് എന്നിവർ പ്രസംഗിച്ചു. ബിലീവേഴ്സ് ജേണലിനുവേണ്ടി കോർഡിനേറ്റർ പാസ്റ്റർ കെ. ജെ. മാത്യു അനുശോചനം അറിയിച്ചു. ഭാര്യ: തങ്കമ്മ. മക്കൾ: ജോർജ്ജ് മത്തായി, അമ്മിണി, പൊന്നമ്മ, സാറാമ്മ, സാമുവേൽ മത്തായി, രാജു മത്തായി, ബാബു മത്തായി, ബേബി മത്തായി, കുഞ്ഞുമോൾ, ലില്ലി, മോനച്ചൻ മത്തായി.



**തങ്കമ്മ ജോർജ്ജ് (88)**

**അടൂർ:** അസംബ്ലീസ് ഓഫ് ഗോഡ് അങ്ങാടിക്കൽ സഭാശുശ്രൂഷകൻ പാസ്റ്റർ സജി ജോർജ്ജിന്റെ മാതാവും പനംതുണ്ടിൽ പരേതനായ കെ. ജോർജ്ജിന്റെ ഭാര്യയുമായ തങ്കമ്മ ജോർജ്ജ് (88) നവംബർ 17-ന് നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം 20-ന് പാസ്റ്റർ ജോൺസൺ മാത്യുവിന്റെ നേതൃത്വത്തിൽ കിഴക്കുപുറം ശാലേം ഐ.പി.സി. സെമിത്തേരിയിൽ നടന്നു. പാസ്റ്റർമാരായ കെ. രാജൻ, വി. വൈ. ജോസുകുട്ടി, ഷാബു ജോൺ, സാം മാത്യു എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. മറ്റുമക്കൾ: മാത്യു പി.ജി., പൊന്നമ്മ, സുവി. രാജൻ പി. ജി., പരേതനായ ശമുവേൽകുട്ടി. മരുമക്കൾ: അമ്മിണി മാത്യു, എം. യോഹന്നാൻ, ഗ്രേസി രാജൻ, ലില്ലിക്കുട്ടി ശമുവേൽ, ജെസി സജി.



**വർഗീസ് ജോർജ്ജ്**

**കടമ്മനിട്ട:** കുമ്പനാട് ഐ.പി.സി.ജനറൽ ഓഫീസിൽ അക്കൗണ്ടന്റ് ആയിരുന്ന സുബിൻ വർഗീസിന്റെ പിതാവ് കല്ലുംപുറത്ത് കിഴക്കേതിൽ വർഗീസ് ജോർജ്ജ് (ജോയിക്കുട്ടി 61) നിത്യതയിൽ. നവം.30ന് ചാന്തുകാവ് ഐ.പി.സി. കർമ്മേൽ സഭയുടെ സെമിത്തേരിയിൽ പാസ്റ്റർ ബെഞ്ചമിൻ വർഗീസ് സംസ്കാരം നടത്തി. ഭവനത്തിലെ ശുശ്രൂഷകൾക്ക് പാസ്റ്റർ സാം കെ. വർഗീസ് നേതൃത്വം നൽകി. പാസ്റ്റർമാരായ ഫിലിപ്പ് പി. തോമസ്, രാജു ജോൺ, ജോൺ ജോർജ്, മോൻസി സാം, ബ്രദർ സണ്ണി മുളമൂട്ടിൽ, ബ്രദർ ജോൺ ജോസഫ്, സിസ്റ്റർ ആനി ഏബ്രഹാം സ്റ്റീഫൻ തുടങ്ങിയവർ പ്രസംഗിച്ചു. ഭാര്യ: മറിയാമ്മ. മകൾ: സുജ. മരുമകൻ: ബിജു.

# ബെഥേൽ ഗോസ്പൽ അസംബ്ലി ജനറൽ കൺവൻഷൻ

**പത്തനാപുരം:** ബെഥേൽ ഗോസ്പൽ അസംബ്ലി 28-ാമത് ജനറൽ കൺവൻഷനും ദ്വിവത്സര കോൺഫറൻസും 2018 ജനുവരി 11-14 വരെ പത്തനാപുരം ബെഥേൽ കൺവൻഷൻ ഗ്രൗണ്ടിൽ വച്ച് നടത്തപ്പെടും.

സഭാ ഓവർസിയർ ഡോ. ജോയി പി. ഉമ്മൻ ഉത്ഘാടനം ചെയ്ത് ശുശ്രൂഷിക്കുന്നതോടൊപ്പം പാസ്റ്റർമാരായ ജോർജ്ജ് പി. ചാക്കോ, അനീഷ് ഏലപ്പാറ, ബിജു മാത്യു തുടങ്ങിയവർ ദൈവവചന പ്രഘോഷണം നിർവ്വഹിക്കും. "നാലു സുവിശേഷങ്ങളിൽ ക്രിസ്തു" എന്നതാണ് കൺവൻഷൻ ചിന്താവിഷയം.

വ്യാഴാഴ്ച രാവിലെ 10.30ന് ശുശ്രൂഷകന്മാരുടെ കുടുംബ സമ്മേളനത്തോടെ ആരംഭിക്കുന്ന യോഗം ഞായറാഴ്ച സഭായോഗത്തോടും കർത്തൃമേശയോടും കൂടി സമാപിക്കും. പകൽ മീറ്റിംഗുകളിൽ പാസ്റ്റർമാരായ അലക്സാണ്ടർ ഉമ്മൻ, സി. കെ. മാത്യു, മിസിസ്സ് ഗ്രെയ്സ് ഉമ്മൻ, ഏ. ജെ. ചാക്കോ, എം. ഒ. അനിയൻ, പി. റ്റി. മാത്യു തുടങ്ങിയവർ ശുശ്രൂഷിക്കും. രാത്രിയോഗങ്ങളെ കൂടാതെ ബൈബിൾ ക്ലാസ്സ്, ശുശ്രൂഷ സമ്മേളനങ്ങൾ, സ്നാനം, സഹോദരീസമ്മേളനം, സണ്ടേസ്കൂൾ-യുവജന സമ്മേളനം തുടങ്ങിയവയും നടക്കും. സഹോദരീ സമ്മേളനത്തിന് വത്സമ്മ മാത്യു, സൂസൻ അനിയൻ, ഏലിയാമ്മ ജോർജ്ജ് എന്നിവരും യുവജന മീറ്റിംഗുകൾക്ക് പാസ്റ്റർമാരായ ബിജു മാത്യു, ഷിജു സി. ആർ., ബോവസ്, രാജീവ് തുടങ്ങിയവരും നേതൃത്വം നൽകും. സുവി. കെ. പി. രാജൻ നയിക്കുന്ന ബേർശേബാ വോയ്സ് (കോട്ടയം) ഈ യോഗങ്ങളിൽ സംഗീതശുശ്രൂഷ നിർവ്വഹിക്കും.

# നവാപൂർ കൺവൻഷന് അനുഗ്രഹസമാപ്തി




**നവാപൂർ:** ഉത്തരേന്ത്യയിലെ ഏറ്റവും വലിയ ആത്മീയ സംഗമമായ നവാപൂർ കൺവൻഷൻ സമാപിച്ചു. ഒക്ടോബർ 24-29 വരെ കരാഞ്ചികുർദ്ദ് ഗ്രാമത്തിൽ നടന്ന കൺവൻഷൻ ഒക്ടോബർ 24ന് വൈകിട്ട് 8ന് ഡോ. ജോയി പുന്നൂസ് ഉദ്ഘാടനം ചെയ്തു. ഡോ. പോൾ മാത്യു, ഡോ. ഫിന്നി ഫിലിപ്പ്, പാസ്റ്റർമാരായ വി.ഒ. വർഗീസ്,മോനിസ് ജോർജ്, ലാജി പോൾ, ജോർജ് തോമസ്, തമ്പി മാത്യു എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു.

കൺവൻഷനോടനുബന്ധിച്ച് ശുശ്രൂഷക സമ്മേളനം വിദ്യാർത്ഥി -യുവജന സമ്മേളനം, സഹോദരി സമ്മേളനം, മെഡിക്കൽ ക്യാമ്പ് എന്നിവ നടന്നു. 28 ന് ശനിയാഴ്ച രാവിലെ ഫിലദൽഫിയ ബൈബിൾ കോളേജിൽ നിന്നും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് പ്രിൻസിപ്പാൾ ഡോ. ഫിന്നി ഫിലിപ്പ് ബിരുദങ്ങൾ നൽകി. സിസ്റ്റർ സംഗീതയുടെ നേതൃത്വത്തിലുള്ള ഫിലദൽഫിയ ക്വയർ ഗാനശുശ്രൂഷ നിർവഹിച്ചു.

29ന് ഞായറാഴ്ച പതിനായിരങ്ങൾ പങ്കെടുത്ത സംയുക്ത സഭായോഗത്തോടും പൊതുയോഗത്തോടും കൂടി കൺവൻഷൻ സമാപിച്ചു. പാസ്റ്റർ കെ.വി. ഏബ്രഹാം കർത്തൃമേശക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. ജനറൽ സെക്രട്ടറി പാസ്റ്റർ കെ.ഒ. വർഗീസിന്റെ നേതൃത്വത്തിലുള്ള വിവിധ കമ്മിറ്റികൾ കൺവൻഷന് നേതൃത്വം നൽകി.

# ആത്മീയ ഉൾക്കാഴ്ച പകർന്ന മിഷൻ യാത്ര



**ദുബായ്:** യുവജനങ്ങൾക്ക് സുവിശേഷ ദർശനം നൽകുക എന്ന ലക്ഷ്യത്തോടെ പി.വൈ.പി.എ. യുടെ യു.എ.ഇ. റീജിയൻ ക്രമീകരിച്ച മിഷൻ യാത്ര നവംബർ 16-നു സമാപിച്ചു. നേപ്പാൾ, ബീഹാർ എന്നിവിടങ്ങളിലെ വിവിധ ഗ്രാമങ്ങൾ സന്ദർശിച്ച ടീം സുവിശേഷ പ്രവർത്തനങ്ങളുടെ സാധ്യതയും വെല്ലുവിളിയും വിലയിരുത്തി. പ്രതിസന്ധികൾക്കിടയിലും യേശുവിനായി ധീരതയോടെ നിലകൊള്ളുന്ന മിഷനറിമാരുടെ അനുഭവങ്ങൾ ടീമിന് ആവേശം പകർന്നു.

വിവിധ യോഗങ്ങളിൽ പാസ്റ്റർ പി.എം.സാമുവേൽ, പാസ്റ്റർ ഷിബു വർഗീസ്, ഷിബു മുള്ളംകാട്ടിൽ, ബ്ലസൻ തോണിപ്പാറ, ജിജി വർഗീസ് എന്നിവർ പ്രസംഗിച്ചു. ജീവകാരുണ്യ പ്രവർത്തനവും നടത്തി. പ്രാദേശിക ക്രമീകരണങ്ങൾക്ക് ഡോ. എബി പി. മാത്യു, പാസ്റ്റർ ടൈറ്റസ് ജോൺസൺ എന്നിവർ നേതൃത്വം നൽകി.

നമ്മുടെ സഭകൾ സുവിശേഷീകരണത്തിന് പ്രാമുഖ്യം നൽകണമെന്നും മിഷൻ പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെപ്പറ്റി യുവജനങ്ങളിൽ അവബോധം ഉണ്ടാകുവാൻ തുടർന്നും ഇത്തരം യാത്രകൾ നടത്തുമെന്നും പി.വൈ.പി.എ. റീജിയൻ സെക്രട്ടറി ഷിബു മുള്ളംകാട്ടിൽ അറിയിച്ചു.

# നന്മയുടെ ഉറവിടമായി സഭകൾ മാറണം: പാസ്റ്റർ കെ.സി. തോമസ്




**അടൂർ:** ഐ.പി.സി സംസ്ഥാന പാസ്റ്റേഴ്സ് കോൺഫറൻസിന്റെ തെക്കൻ മേഖല സമ്മേളനം അടൂർ യൂത്ത് സെന്ററിൽ പാസ്റ്റർ കെ.സി. തോമസ് ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല അദ്ധ്യക്ഷത വഹിച്ചു. "സഭാവളർച്ച" എന്ന വിഷയത്തിൽ പാസ്റ്റർ ഡി. മോഹൻ (ചെന്നൈ) മുഖ്യപ്രഭാഷണം നടത്തി.

സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ, ജോയിന്റ് സെക്രട്ടറിമാരായ പാസ്റ്റർ സി.സി. ഏബ്രഹാം, മോനി കരിക്കം, ട്രഷറർ ജോയി താനുവേലിൽ, ഡോ. തോമസ് ഇടിക്കുള എന്നിവർ പ്രസംഗിച്ചു.

പത്തനംതിട്ട, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ പാസ്റ്റർമാരാണ് തെക്കൻ മേഖല സമ്മേളനത്തിൽ പങ്കെടുത്തത്.

# ഐ.പി.സി. മലബാർ മേഖല കൺവൻഷന് സമാപ്തി



**നിലമ്പൂർ:** ഇരുളിന്റെ ശക്തികൾക്കെതിരെ നമ്മുടെ മക്കളെ നന്മയിലേക്ക് നയിക്കാൻ വിശ്വാസികൾ ജാഗരൂഗരാകുകയും എല്ലാ കുടുംബങ്ങളിലും രാവിലേയും വൈകിട്ടും കുടുംബ പ്രാർത്ഥനയും ദൈവവചന പഠനത്തിന് പ്രാധാന്യം നല്കണമെന്നും കൺവൻഷൻ ആഹ്വാനം ചെയ്തുകൊണ്ട് ഐ.പി.സി. മലബാർ കൺവൻഷന് അനുഗ്രഹസമാപ്തി.

പാലുണ്ട ന്യൂ ഹോപ്പ് ബൈബിൾ കോളേജ് ഗ്രൗണ്ടിൽ നടന്ന കൺവൻഷൻ നവംബർ 15ന് മേഖലാ രക്ഷാധികാരി പാസ്റ്റർ വി.ജെ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡണ്ട് പാസ്റ്റർ ജോൺ ജോർജ്ജ് അദ്ധ്യക്ഷനായിരുന്നു. പാസ്റ്റർമാരായ ഷിബു നെടുവേലിൽ, കെ.എം ജോർജ്ജ്, വിൽസൺ ജോസഫ്, രാജു പൂവക്കാല, അനീഷ് കാവാലം, ശമുവേൽ ജോൺ, സ്റ്റാൻലി ഡാനിയേൽ, ഫിലിപ്പ് പി.തോമസ്, വർഗീസ് ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

സോദരീസമാജ സമ്മേളനത്തിൽ സിസ്റ്റർ സൂസൻ തോമസും, സണ്ടേസ്ക്കൂൾ യുവജന സമ്മേളനത്തിൽ പാസ്റ്റർ വി.പി.ഫിലിപ്പും പ്രസംഗിച്ചു.

പാസ്റ്റർമാരായ ബിജോയ് കുര്യാക്കോസ്, മാത്യു തോമസ്, കെ.സി. ഉമ്മൻ, സാം ഡാനിയേൽ, സന്തോഷ് മാത്യു, മോനി ചെന്നിത്തല, തോമസ് തോമസ്, ബ്രദർ സാം കൊണ്ടാഴി എന്നിവർ വിവിധ യോഗങ്ങളിൽ അദ്ധ്യക്ഷന്മാരായിരുന്നു.

പാസ്റ്റർമാരായ ജിമ്മി കുര്യാക്കോസ്, ജോസ് വർഗീസ്, വി.ടി. അത്രയോസ്, ഷിബു ഫിലിപ്പ്, എം.ജെ. മത്തായി, ജോർജ് എൻ.ഏബ്രഹാം, ജയിംസ് അലക്സാണ്ടർ, ചാക്കോ ദേവസ്യ, കെ.സി. സക്കറിയ,സാബു മത്തായി, ബാബു മഞ്ചേരി തുടങ്ങിയവർ പകൽ യോഗങ്ങളിൽ പ്രസംഗിച്ചു.

നവംബർ 19 ന് ഞായാഴ്ച സംയുക്ത ആരാധനയും തിരുവത്താഴ ശുശ്രൂഷയും നടന്നു. തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ മലബാറിലെ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം പാസ്റ്റർ ജോൺ ജോർജ് നിർവ്വഹിച്ചു.

വാഹനമില്ലാത്ത 12 സുവിശേഷ പ്രവർത്തകരിൽ അഞ്ച് പേർക്ക് ബൈക്ക് വിതരണവും മലബാറിലെ 100 സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന്റെ ആദ്യഘട്ടമായി 15 പുതിയ പ്രവർത്തകർക്കു സഹായ വിതരണോദ്ഘാടനവും നടന്നു. പാസ്റ്റർ മാത്യൂസ് ചാക്കോ, സിനോജ് ജോർജ്, കെ.എസ്.യു നേതാവ് വി.എസ് ജോയി, ടോണി ഡി ചെവ്വൂക്കാരൻ എന്നിവർ ആശംസളറിയിച്ചു. ശാലേം വോയ്സ് പത്തനാപുരം ഗാനശുശ്രൂഷയ്ക്ക് നേതൃത്യം നല്കി. കൺവൻഷൻ ഭാരവാഹികളായ പാസ്റ്റർ ജെയിംസ് ഏബ്രഹാം, ജോർജ് തോമസ് വടക്കുഞ്ചേരി, ജയിംസ് വർക്കി നിലമ്പൂർ, സജി മത്തായി കാതേട്ട്, പാസ്റ്റർ ബിജു വർഗീസ് തുടങ്ങിയവർ നേതൃത്യം നല്കി.

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 23

BELIEVERS JOURNAL

PUBLISHED ON 10/12/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

# പെന്തക്കോസ്തൽ യൂത്ത് കോൺഫറൻസ് ഓഫ് ഡാളസ്: ഐക്യതയുടെ ചരിത്രവുമായി മൂന്നര പതിറ്റാണ്ട്

**തോമസ് മുല്ലയ്ക്കൽ**

അമേരിക്കയിലെ കുടിയേറ്റക്കാരായ പെന്തക്കോസ്ത് മലയാളി സമൂഹത്തിലെ സിംഹഭാഗവും താമസിക്കുന്നത് ന്യൂയോർക്ക്, ഹൂസ്റ്റൺ, ഡാളസ് തുടങ്ങിയ പട്ടണങ്ങളിലാണ്. ട്രിനിറ്റി നദിയുടെ ഓരത്ത് സ്ഥിതി ചെയ്യുന്ന ഡാളസ് പട്ടണം, അമേരിക്കയിലെ പ്രമുഖ ബൈബിൾ ബെൽറ്റ് സംസ്ഥാനങ്ങളോട് ചേർന്ന് കിടക്കുന്നതും ആത്മീയതയുടെ തഴച്ചുവളരലിന് അനുകൂല സാഹചര്യമുള്ള ഇടവുമാണ്. 1971-ലാണ് ഡാളസിൽ മലയാളി പെന്തക്കോസ്തരായ ദൈവമക്കളുടെ നേതൃത്വത്തിൽ ഒരു ആത്മീയ കൂട്ടായ്മ തുടങ്ങി വച്ചത്. പിന്നീട് പത്ത് വർഷം കഴിഞ്ഞ് 1982-ലാണ് പെന്തക്കോസ്തൽ യൂത്ത് കോൺഫറൻസ് ഓഫ് ഡാളസ് (PYCD) എന്ന യുവജന സംഘടന ഡാളസിൽ പിറവിയെടുക്കുന്നത്.

ഡാളസ് മേട്രോപ്ലെക്സിലെ വിവിധ സഭകളിൽ അംഗത്വമുള്ള ബാബു ജോർജ്ജ്, ബാബു കെ. ഐപ്പ്, ജോസ് പ്രകാശ്, ടോം കോരുത്, എബ്രഹാം തോമസ്, എബ്രഹാം മാത്യൂ എന്നീ സഹോദരങ്ങൾ ഒരുമിച്ചുകൂടിയാണ് ആദ്യത്തെ കോൺഫറൻസിന് തുടക്കം കുറിക്കുന്നത്. ബാബു ജോർജ്ജ് ആദ്യത്തെ കൺവീനറും ബാബു കെ ഐപ്പ് ആദ്യത്തെ കോ-ഓർഡിനേറ്ററും ജോസ് പ്രകാശ് ട്രഷററുമായി സേവനം ചെയ്തു. കുറച്ച് സഭകൾ മാത്രമേ ആദ്യത്തെ കോൺഫറൻസിൽ ഉണ്ടായിരുന്നുള്ളൂ എങ്കിലും 250-പേരോളം പങ്കെടുത്ത പ്രഥമ കോൺഫറൻസിന് മികച്ച പ്രതികരണമാണ് സഭകളിൽ ഉളവാക്കിയത്.

## എക്സിക്യുട്ടീവ് ഡയറക്ടേഴ്സ്



ബിജു തോമസ്
(പ്രസിഡന്റ്)



ഷോണി തോമസ്
(കോ-ഓർഡിനേറ്റർ)



അലൻ മാത്യു
(ട്രഷറർ)

1985-മുതലാണ് PYCD പ്രസിഡന്റ് അല്ലെങ്കിൽ കൺവീനർ ഏതെങ്കിലും ലോക്കൽ സഭയിലെ ശുശ്രൂഷകൻ ആയിരിക്കണം എന്നത് നിർബന്ധമാക്കിയത്. കൂടാതെ 1992-മുതൽ തുടങ്ങി വച്ച വാർഷിക താലന്ത് പരിശോധനയും PYCD നേതൃത്വം നല്കുന്ന സംയുക്ത വാർഷിക കൺവൻഷനും ഡാളസ് - മെട്രോപ്ലെക്സിലെ പെന്തക്കോസ്ത് സഭകളുടെ കൂട്ടായ്മയുടെ ഒരു അവിഭാജ്യഘടകമായി മാറി. 1997 മുതൽ 2003-വരെ ഇന്റർനെറ്റിന്റെ സഹായത്തോടെ പ്രസിദ്ധീകരിച്ച യൂത്ത് ഫോക്കസ് പബ്ലിക്കേഷന് ബാബു കെ ഐപ്പ് നേതൃത്വം നല്കി. 1999 മുതൽ ആരംഭിച്ച യൂത്ത് ഫെസ്റ്റിവൽ ഇപ്പോൾ യൂത്ത് ആനിവേഴ്സറിയായി വിജയകരമായി നടന്നുവരുന്നു. പ്രസ്തുത വർഷവും ഒരു സുവനീർ പ്രസിദ്ധീകരിക്കുകയുണ്ടായി.

2004-യോടുകൂടി സഭകളിലെ യുവാക്കളെ കൂടുതൽ ഐക്യതയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ PYCD കായിക മത്സരങ്ങൾ വാർഷിക പരിപാടികളുടെ ഭാഗമാക്കി. ബാസ്ക്കറ്റ്ബോൾ, സോക്കർ (ഇന്ത്യൻ ഫുട്ബോൾ), വോളിബോൾ തുടങ്ങിയവ ആരംഭഘട്ടത്തിൽ അവതരിപ്പിച്ചപ്പോൾ യുവതീയുവാക്കളിൽ ഉളവാക്കിയ ആവേശത്തെത്തുടർന്ന് ബാഡ്മിന്റൻ, ക്രിക്കറ്റ്, ഫ്ലാഗ് ഫുട്ബോൾ, വിമെൻസ് വോളിബോൾ എന്നീ കായിക ഇനങ്ങളും ഉൾപ്പെടുത്തി കൂടുതൽ യുവജനങ്ങൾക്ക് അവസരം ഒരുക്കി. ഇന്ന് വർഷത്തിൽ മിക്ക മാസങ്ങളിലും വ്യത്യസ്തമായ ആത്മീയ-കായിക കൂട്ടായ്മകൾ PYCD യുടെ നേതൃത്വത്തിൽ വിജയകരമായി നടന്നു വരുന്നു.

ഏറ്റവും കൂടുതൽ തവണ പ്രസിഡന്റ് ആയി സേവനം അനുഷ്ഠിച്ചത് റവ. ഡോ. ജോർജ്ജ് സി വർഗ്ഗീസാണ്. അഞ്ച് വർഷങ്ങൾ അദ്ദേഹം നേതൃത്വം നല്കിയപ്പോൾ നാലു വർഷം നേതൃത്വം നല്കിയ സ്ഥാപക കോ-ഓർഡിനേറ്റർ കൂടിയായ പാസ്റ്റർ ബാബു കെ ഐപ്പിന് പിന്നാലെ, മൂന്ന് വർഷങ്ങൾ വീതം റവ. ഡോ. ബേബി വർഗ്ഗീസും പാസ്റ്റർ കെ.സി. ജോണും നല്കിയ സേവനങ്ങൾ അവിസ്മരണീയമാണ്. നീണ്ട ഏഴു വർഷങ്ങൾ ബ്ര. ജോസ് പ്രകാശ് ട്രഷറാർ ആയി ചുമതല നിർവഹിച്ചു.

2002-ലെ PYCDയുടെ ഭരണഘടനാ റിവിഷൻ നടന്നത്, ഫ്രെഡി ജോർജ്ജിന്റെ മേൽനോട്ടത്തിൽ മറ്റു സഹോദരന്മാരുമായി ആലോചിച്ച് തീരുമാനിച്ചായിരുന്നു. പിന്നീട് 2008-ൽ പാസ്റ്റർ ജോസ് ആനിക്കാട്ടിന്റെയും ബ്രദർ ബോബി പി. തോമസിന്റെയും നേതൃത്വത്തിലുള്ള കമ്മറ്റിയാണ് കാര്യമായ ഭേദഗതികൾ വരുത്തിയത്. പ്രധാനമായും പ്രസിഡണ്ട് സ്ഥാനത്തേക്ക് പാസ്റ്റർമായവർക്ക് മാത്രമല്ല സഹോദരന്മാർക്കും പ്രസ്തുത ചുമതല നിർവഹിക്കാമെന്നുള്ള ഭേദഗതി വരുത്തി. എന്നാൽ പതിമൂന്നംഗ കമ്മറ്റിയിൽ ഒരു പാസ്റ്റർ എങ്കിലും ഉണ്ടായിരിക്കണം എന്ന നിബന്ധനയും ഭരണഘടന ഉറപ്പാക്കിയിട്ടുണ്ട്. കാലാകാലങ്ങളിൽ അവസരോചിതമായ മാറ്റങ്ങൾ ഭരണഘടനയിൽ വരുത്താറുള്ള PYCD അതിന്റെ ഫണ്ട് വിനിയോഗത്തിനും മറ്റ് ഗവൺമെന്റ് ചട്ടങ്ങൾക്കും വിധേയമായി സംഘടനയെ ഇൻകോർപ്പറേറ്റഡ് ആകുവാനുള്ള തീരുമാനം 2016-ൽ സാം മാത്യുവിന്റെ നേതൃത്വത്തിൽ ഉള്ള കമ്മറ്റിയാണ് കൈക്കൊണ്ടത്. 2017 മുതലാണ് PYCD Inc (ഇൻകോർപ്പറേറ്റഡ്) എന്ന പദവി ഔദ്യോഗികമായ നിലവിൽ വന്നത്.

ഇപ്പോഴത്തെ (2017-2018) PYCD കമ്മറ്റിയ്ക്ക് നേതൃത്വം നൽകുന്നത് എക്സിക്യൂട്ടീവ് ബോർഡ് ഡയറക്ടർമാരായ ബിജു തോമസ് (പ്രസിഡണ്ട്), ഷോണി തോമസ് (കോ-ഓർഡിനേറ്റർ), അലൻ മാത്യു (ട്രഷറർ) എന്നിവരാണ്. കൂടാതെ നോൺ എക്സിക്യൂട്ടീവ് ഡയറക്ടർമാരായി പാസ്റ്റർ തോമസ് മുല്ലയ്ക്കൽ (പാസ്റ്ററൽ പ്രതിനിധി), എബിൻ വർഗ്ഗീസ് (അസോസിയേറ്റ്), ബിനോയ് ആര്യപ്പള്ളിൽ (മീഡിയ), തോമസ് മാമ്മൻ (സ്പോർട്സ്), നിസ്സി തോമസ് (മ്യൂസിക്), പ്രമോദ് ഡാനിയേൽ, നിതിൻ ജോൺ, ജോൺ കുരുവിള, ക്രിസ് മാത്യു, ജോർജ്ജി വർഗ്ഗീസ്, നോയൽ സാമുവൽ എന്നിവരും പ്രവർത്തിക്കുന്നു.

ഈ വർഷവും ശക്തമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുവാൻ പ്രസ്തുത കമ്മിറ്റിക്ക് കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യം നല്കുന്ന വസ്തുതയാണ്. ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന വർഷിപ്പ് നൈറ്റ് വിവിധ സംഗീത ഗ്രൂപ്പുകൾക്ക് , വിവിധ ഭാഷകളിൽ സംഗീതം നടത്താൻ അവസരം നല്കുകയുണ്ടായി. താലന്ത് പരിശോധന, സ്പോർട്സ് ഇനങ്ങൾ, കൂടാതെ ആയിരത്തിലേറെ പേർ സംബന്ധിച്ച വാർഷിക കോൺഫറൻസ്, ഇനി നടക്കാനിരിക്കുന്ന ബൈബിൾ ക്വിസ് നൈറ്റ്, വാർഷിക യോഗം തുടങ്ങിയവ അവയിൽ ചിലത് മാത്രമാണ്. കൂടാതെ ഇദം പ്രഥമായി സംഘടിപ്പിച്ച ശുശ്രൂഷകന്മാരെ ആദരിക്കാനുള്ള തീരുമാനം ഏറെ ശ്രദ്ധേയമായി. ഈ വർഷത്തെ PYCDയിൽ അംഗത്വമുള്ള സഭകളിൽ നിന്നും ഡാളസിൽ മാത്രം സഭാശുശ്രൂഷയിൽ കുറഞ്ഞത് പത്ത് വർഷം പൂർത്തീകരിച്ച 17-ഓളം സഭാ ശുശ്രൂഷകന്മാരെ ആദരിക്കുവാൻ ഇടയായത് അവർ സഭയായി ചെയ്ത സേവനത്തിനുള്ള നന്ദി പ്രദർശനം കൂടിയായിരുന്നു.

കഴിഞ്ഞ മുപ്പത്തഞ്ച് വർഷങ്ങൾ യാതൊരു വിഘ്നവും കൂടാതെ സഭകളുടെ ഐക്യത്തിന്റെ സംഗമവേദിയായി പ്രവർത്തിക്കുന്ന പെന്തക്കോസ്തൽ യൂത്ത് കോൺഫറൻസ് ഓഫ് ഡാളസിന്റെ പ്രവർത്തനങ്ങൾ ദൈവമുമ്പാകെ ശ്ലാഘനീയമാണ് എന്നതിൽ തർക്കമില്ല. ഒരു ക്രിസ്തുവിനെ പ്രസംഗിക്കുകയും ഒരുമിച്ച് ആരാധിക്കാൻ കഴിയാതെയുമിരിക്കുന്ന കപടഭക്തിയുടെ കള്ള അപ്പോസ്തലന്മാർക്കുമുള്ള മറുപടികൂടിയാണ് ഈ പ്രസ്ഥാനത്തിന്റെ ഒരുമയുടെ ശക്തി.

നാളെയുടെ വാഗ്ദാനങ്ങൾ ആണ് യുവജനങ്ങൾ. ആത്മീയലോകം പ്രതീക്ഷ വച്ചിരിക്കുന്നത് അവരിലാണ്. നമ്മുടെ സഭയെ നാളെ നയിക്കേണ്ടത് അവരാണ്. വിശ്വാസത്തിന്റെ ദീപശിഖ അടുത്ത തലമുറയ്ക്ക് കൈമാറേണ്ട കരുത്തുറ്റ കരങ്ങൾ അവർക്കുണ്ട്. നമ്മുടെ സഭയിൽ നിന്നും അന്യമായിക്കൊണ്ടിരിക്കുന്ന യുവജനങ്ങളെ ആത്മീയ പ്രവർത്തനത്തിന്റെ മുഖ്യധാരയിലേക്ക് മടക്കിക്കൊണ്ടുവരുന്ന ദൗത്യമാണ് പി. വൈ. സി. ഡി. യ്ക്ക് ഉള്ളത്. അതിന് സഭാനേതൃത്വത്തിന്റെയും വിശ്വാസികളുടെയും ആത്മാർത്ഥമായ സഹകരണം ഈ പ്രസ്ഥാനത്തിന് അത്യന്താപേക്ഷിതമാണ്.

## കമ്മറ്റി അംഗങ്ങൾ



പാസ്റ്റർ തോമസ് മുല്ലയ്ക്കൽ
കമ്മറ്റി അംഗം / അഡ്വൈസർ



എബിൻ വർഗീസ്
അസോസിയേറ്റ് കോ-ഓർഡിനേറ്റർ



ബിനോയി സാമുവേൽ ആര്യപ്പള്ളിൽ
മീഡിയ കോ-ഓർഡിനേറ്റർ



തോമസ് മാമ്മൻ
സ്പോർട്സ് കോ-ഓർഡിനേറ്റർ



നിസ്സി തോമസ്
മ്യൂസിക് കോ-ഓർഡിനേറ്റർ

## കമ്മറ്റി അംഗങ്ങൾ



പ്രമോദ് ഡാനിയേൽ
കമ്മറ്റി അംഗം



നിതിൻ ജോൺ
കമ്മറ്റി അംഗം



ജോൺ കുരുവിള
കമ്മറ്റി അംഗം



ക്രിസ് മാത്യു
കമ്മറ്റി അംഗം



ജോർജ്ജി വർഗീസ്
കമ്മറ്റി അംഗം

## ഓഡിറ്റർ



നോയൽ സാമുവേൽ

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.